# പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

## നിയമസഭാ നടപടികൾ – സംഗ്രഹം

## (ചോദ്യോത്തരങ്ങൾ ഒഴികെ)

2013 മാർച്ച് 26, ചൊവ്വ

നിയമസഭ രാവിലെ 8.30–ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. ജി. കാർത്തികേയന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

### അനുശോചനം

#### ഇടുക്കിയിലെ വാഹന അപകടം

മി. സ്പീക്കർ: ഇടുക്കി രാജാക്കാട് തേക്കിൻകാനത്ത് 25–03–2013–ൽ നടന്ന ബസ് അപകടത്തിൽ തിരുവനന്തപുരം വെള്ളനാട് സാരാഭായ് എഞ്ചിനീയറിംഗ് കോളേജിലെ ഏഴ് കുട്ടികളും ഒരു സഹായിയും മരിച്ച സംഭവം വളരെ വേദനാജനകമാണ്. ഇനിയും കൂടുതൽ പേർ വിവിധ ആശുപത്രികളിൽ ചികിത്സയിലാണ്. അതിദാരുണമായ ഈ അപകടം നമ്മുടെ റോഡുകളുടെ അപകട സാധ്യതയെയും വാഹനം ഓടിക്കുന്നവരുടെ അശ്രദ്ധയെയും ഓർമ്മിപ്പിക്കുന്നു. വേർപിരിഞ്ഞുപോയവരുടെ കുടുംബാംഗങ്ങളുടേയും ബന്ധുക്കളുടേയും സഹപാഠികളുടേയും അഗാധ

ദു:ഖത്തിൽ ഈ സഭയും പങ്കുചേരുകയും ആശുപത്രിയിൽ ചികിത്സയിലുള്ളവർ എത്രയുംവേഗം സുഖം പ്രാപിക്കട്ടെ എന്ന് പ്രാർത്ഥിക്കുകയും ചെയ്യുന്നു.

(പരേതരോടുള്ള ആദര സൂചകമായി സഭാംഗങ്ങൾ അൽപ്പസമയം എഴുന്നേറ്റ് നിന്ന് മൗനമാചരിച്ചു.)

**അടിയന്തര പ്രമേയം**

**ഇടുക്കിയിലെ വാഹന അപകടം**

മി. സ്പീക്കർ: തിരുവനന്തപുരത്തെ വെള്ളനാട് സാരാഭായി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് ആന്റ് ടെക്നോളജിയിൽനിന്നും വിനോദയാത്രയ്ക്കു പോയ വിദ്യാർത്ഥികൾ സഞ്ചരിച്ച ബസ് ഇടുക്കി ജില്ലയിലെ തേക്കിൻകാനത്തുവച്ച് അപകടത്തിൽപ്പെടുകയും എട്ടു പേർ മരണപ്പെടുകയും ചെയ്ത ദുരന്തത്തെത്തുടർന്ന് വിദ്യാർത്ഥികളും കുടുംബങ്ങളും ആഘാതത്തിലും ആശങ്കയിലുമായിരിക്കുന്ന ഗുരുതരമായ സ്ഥിതിവിശേഷം ഇന്നത്തെ സഭാ നടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ കെ.കെ. ജയചന്ദ്രൻ, വി.എസ്. സുനിൽകുമാർ, മാത്യു ടി. തോമസ്, എ.എ. അസീസ്, എ.കെ. ശശീന്ദ്രൻ എന്നീ അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻചാണ്ടി): തിരുവനന്തപുരത്തെ സ്വകാര്യ സ്വാശ്രയ സ്ഥാപനമായ വെള്ളനാട് സാരാഭായി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഞ്ചിനീയറിംഗ് കോളേജിലെ 39 ബി.ടെക് വിദ്യാർത്ഥികൾ ഉൾപ്പെടെ 43 പേർ

സഞ്ചരിച്ച ടൂറിസ്റ്റ് ബസ് ഇടുക്കി തേക്കിൻകാനത്തുള്ള വളവിൽ നിയന്ത്രണംവിട്ട് നൂറടിയോളം താഴേയ്ക്ക് തലകീഴായി മറിഞ്ഞ് ഒരു പെൺകുട്ടിയും ആറ് ആൺകുട്ടികളും ക്ലീനറും ഉൾപ്പെടെ എട്ടു പേർ മരണപ്പെടുകയും പന്ത്രണ്ട് പേർക്ക് സാരമായ പരിക്കുപറ്റുകയും ചെയ്തു. അടിമാലി താലൂക്ക് ആശുപത്രിയിലേയ്ക്ക് കൂടുതൽ ഡോക്ടർമാരെ അടിയന്തരമായി അയയ്ക്കുന്നതിന് ഡി.എം.ഒ.യ്ക്ക് നിർദ്ദേശം നൽകുകയും ഇവിടെ എത്തിച്ചേരുന്ന ഗുരുതര സ്വഭാവമുള്ള കേസ്സുകൾ കൂടുതൽ സൗകര്യമുള്ള ആശുപത്രികളിലേയ്ക്ക് മാറ്റുന്നതിനുവേണ്ട സൗകര്യങ്ങൾ ചെയ്തുകൊടുക്കണമെന്ന് അറിയിക്കുകയും ചെയ്തിട്ടുണ്ട്. ആരോഗ്യ വകുപ്പുമന്ത്രി വിവരമറിഞ്ഞ ഉടൻതന്നെ അപകടസ്ഥലം സന്ദർശിക്കുകയും ആവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്തു. പരിക്കേറ്റ വിദ്യാർത്ഥികൾക്ക് മെച്ചപ്പെട്ട ചികിത്സ ലഭ്യമാക്കുന്നതിനുവേണ്ട എല്ലാ നടപടികളും സ്വീകരിച്ചിട്ടുണ്ട്. ഭാവിയിൽ ഇതുപോലുള്ള അപകടങ്ങൾ ഒഴിവാക്കുന്നതിന് മനുഷ്യസാധ്യമായ എല്ലാ നടപടികളും സ്വീകരിക്കുന്നതാണ്.

ശ്രീ. കെ. കെ. ജയചന്ദ്രൻ: നാട്ടുകാരും ജനപ്രതിനിധികളും മറ്റും തക്കസമയത്ത് വേണ്ട രക്ഷാപ്രവർത്തനം നടത്തിയതിന്റെ ഫലമായിട്ടാണ് മരണസംഖ്യ കുറയാനിടയായത്. അപകടം നടന്ന സ്ഥലത്ത് റോഡിൽ സൈൻ ബോർഡ് ഉണ്ടായിരുന്നില്ല. അടിമാലി, നെടുങ്കണ്ടം താലൂക്ക് ആശുപത്രികളിൽ ആവശ്യത്തിന് ഡോക്ടർമാരോ ആംബുലൻസോ ഇല്ല. ഇടുക്കി ജില്ലയിൽ ഗുരുതരമായ അപകടമുണ്ടാകുമ്പോൾ കോട്ടയം മെഡിക്കൽ കോളേജിലേയ്ക്കോ കോലഞ്ചേരി മെഡിക്കൽ കോളേജിലേയ്ക്കോ കൊണ്ടുപോകേണ്ടി വരുന്നതിനാൽ മരണസംഖ്യ വർദ്ധിക്കാനിടയാകുന്നുണ്ട്. അപകടത്തെത്തുടർന്ന് കോളേജ് പ്രിൻസിപ്പൽ എടുത്ത

സമീപനം മനുഷ്യത്വരഹിതവും സ്വകാര്യ മാനേജുമെന്റുകൾ കുട്ടികളോടെടു ക്കുന്ന സമീപനത്തിന്റെ പ്രത്യക്ഷ ഉദാഹരണവും നിരുത്തരവാദപരവും നട പടി അർഹിക്കുന്നതുമാണ്. 2007–ൽ ഇതുപോലൊരു ദുരന്തമുണ്ടായപ്പോൾ അന്നത്തെ ഗവൺമെന്റ് പുറപ്പെടുവിച്ചിരുന്ന ഉത്തരവിലെ ഒരു നിർദ്ദേശം പോലും പാലിക്കാൻ കോളേജ് അധികൃതർ തയ്യാറായിട്ടില്ല. മരിച്ച കുട്ടിക ളുടെ കുടുംബങ്ങൾക്ക് മതിയായ നഷ്ട പരിഹാരം നൽകുകയും പരിക്കേറ്റ വിദ്യാർത്ഥികൾക്ക് ആവശ്യമായ ചികിത്സാ സഹായം നൽകുകയും വേണം. ഗുരുതരമായ ഈ സ്ഥിതിവിശേഷം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണം.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (<u>ശ്രീ. വി.എസ്. ശിവകുമാർ</u>): അപകടം ഉണ്ടായ സമയത്തുതന്നെ മന്ത്രിമാരും എം.എൽ.എ.മാരും വിവിധ ഡിപ്പാർട്ടുമെന്റിലെ ഉദ്യോഗസ്ഥരും ആവശ്യമായ നടപടികൾ സ്വീകരിക്കുകയും ആശുപത്രിയിൽ കഴിയുന്ന കുട്ടികൾക്ക് വിദഗ്ദ്ധ ചികിത്സ ഉറപ്പുവരുത്തുകയും ചെയ്തു. എറണാകുളം, മൂവാറ്റുപുഴ, പെരുമ്പാവൂർ എന്നിവിടങ്ങളിൽനിന്നും മൂന്ന് മെഡിക്കൽ ടീമിനെ അടിമാലി താലൂക്ക് ആശുപത്രിയിലേയ്ക്ക് അയച്ചെങ്കിലും അവർ എത്തുന്നതിനു മുമ്പു തന്നെ അവിടെയുള്ള ഡോക്ടർമാർ ലഭ്യമാക്കാവുന്ന എല്ലാ ചികിത്സയും നൽകിക്കഴിഞ്ഞിരുന്നു. കോട്ടയം മെഡിക്കൽ കോളേജിൽ ആവശ്യമായ എല്ലാ സജ്ജീകരണങ്ങളും ഒരുക്കിയിരുന്നു. മരണപ്പെട്ട കുട്ടികളുടെ പോസ്റ്റ്മോർട്ടം നടത്തി വീടുകളിൽ എത്തിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു. കൊടൈക്കനാലിൽനിന്നും മൂന്നാറിലേക്ക് പോകുന്ന വഴി രാജാക്കാട് എന്ന സ്ഥലത്ത് സിഗ്നലുകൾ ഇല്ലാതിരുന്ന കൊടും വളവുള്ള റോഡിലാണ്

അപകടമുണ്ടായത്. ഡ്രൈവറുടെ പരിചയക്കുറവാണ് അപകടം സംഭവിക്കാൻ കാരണമെന്നാണ് മനസ്സിലാക്കാൻ കഴിഞ്ഞത്. അടിമാലി താലൂക്ക് ആശുപത്രിക്ക് ആവശ്യമുള്ള സ്റ്റാഫ് സ്ട്രെങ്ത് അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. അവിടെ പുതിയ എക്സ്റേ യൂണിറ്റ് അനുവദിക്കുന്നതിനും ലാബ് സൗകര്യം 8 മണിവരെയാക്കുന്നതിനും രണ്ട് ലാബ് ടെക്നീഷ്യൻമാരെ നിയമിക്കുന്നതിനുമുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. അപകടത്തിൽപ്പെട്ടവരുടെ ചികിത്സാ ചെലവ് ഗവൺമെന്റ് വഹിക്കുന്നതാണ്.

മി. സ്പീക്കർ: അപകടത്തെത്തുടർന്നുണ്ടായ സാരാഭായ് എഞ്ചിനീയറിംഗ് കോളേജ് പ്രിൻസിപ്പലിന്റെ പ്രതികരണം അപകടത്തിനിരയായവരുടെ കുടുംബാംഗങ്ങളുടെ ദു:ഖം വർദ്ധിപ്പിക്കുന്ന വിധമാണ്. ഇക്കാര്യം ഗവൺമെന്റ് ഗൗരവമായി കാണേണ്ടതാണ്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): പ്രിൻസിപ്പലിനെക്കുറിച്ച് പറഞ്ഞത് പൂർണ്ണമായി മനസ്സിലാക്കുന്നു. പരിക്കുപറ്റിയവരുടെ ബന്ധുക്കൾ ആവശ്യപ്പെടുന്ന ആശുപത്രിയിൽ ചികിത്സിക്കുന്നതിനുള്ള ചെലവും ഗവൺമെന്റ് ലഭ്യമാക്കുന്നതാണ്. ഭാവിയിൽ ഇതുപോലുള്ള സംഭവങ്ങൾ ആവർത്തിക്കാതിരിക്കാനായി ഗതാഗതം, പോലീസ്, മോട്ടോർ വെഹിക്കിൾ എന്നീ വകുപ്പുകളുടെ യോഗം വിളിച്ചുകൂട്ടി ആവശ്യമായ നടപടികൾ കൈക്കൊള്ളുന്നതാണ്. മരിച്ചവരുടെ കുടുംബങ്ങൾക്കുള്ള ധനസഹായം സംബന്ധിച്ച് ബുധനാഴ്ച തീരുമാനം കൈക്കൊള്ളുന്നതാണ്. ഈ വിഷയം സഭാ നടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

(അടിയന്തര പ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു)

പ്രതിപക്ഷ നേതാവ് (ശ്രീ. വി.എസ്. അച്ചുതാനന്ദൻ): ഈ വിഷയത്തിൽ ഗവൺമെന്റ് പ്രകടിപ്പിച്ച മനോഭാവത്തെ ആദരിക്കുന്നു.

**ശ്രദ്ധക്ഷണിക്കൽ**

(1) പിന്നോക്ക വിഭാഗ സംവരണത്തിനുള്ള വരുമാന പരിധി ഉയർത്തൽ

ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി: പണപ്പെരുപ്പവും വില വർദ്ധനവും ശമ്പള വർദ്ധനവും കാരണം പിന്നോക്ക വിഭാഗങ്ങളുടെ സംവരണത്തിനുള്ള വരുമാന പരിധി നഗര പ്രദേശങ്ങളിൽ 12 ലക്ഷം രൂപയായും ഗ്രാമ പ്രദേശങ്ങളിൽ 9 ലക്ഷം രൂപയായും വർദ്ധിപ്പിക്കണമെന്നാണ് കമ്മീഷൻ കേന്ദ്ര സർക്കാരിനോട് ശുപാർശ ചെയ്തിട്ടുള്ളത്. ഇത് കണക്കിലെടുക്കാതെ ഗ്രാമ, നഗര വ്യത്യാസമില്ലാതെ 6 ലക്ഷമായി പരിധി ഉയർത്താനാണ് കേന്ദ്ര മന്ത്രിസഭാ ഉപസമിതി ശുപാർശ ചെയ്തത്. കേരളത്തിലെ ഉയർന്ന ജീവിത നിലവാരവും ചെലവും കണക്കിലെടുത്ത് വരുമാന പരിധി 10 ലക്ഷം രൂപയായി ഉയർത്തുന്നതിന് കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തുന്നതിനും ആവശ്യമെങ്കിൽ സർവ്വകക്ഷി സംഘത്തെ അയയ്ക്കുന്നതിനും നടപടി സ്വീകരിക്കണം. പിന്നോക്ക വിഭാഗങ്ങളുടെ നിയമനവുമായി ബന്ധപ്പെട്ട് ഉന്നതാധികാര സമിതി യോഗം ചേർന്ന് പ്രവർത്തനം വിലയിരുത്തുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): പിന്നോക്ക വിഭാഗ സംവരണത്തിനുള്ള വരുമാന പരിധി 2008-ൽ നാലര ലക്ഷം രൂപയായി നിശ്ചയിച്ചു. നിലവിൽ മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടുള്ളത് 2009-ലെ സംസ്ഥാന ഗവൺമെന്റിന്റെ ഉത്തരവനുസരിച്ചാണ്. ക്രീമിലെയർ സംബന്ധിച്ച വരുമാന

പരിധി കേന്ദ്ര സർക്കാർ നാലര ലക്ഷം രൂപയായി വർദ്ധിപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ കേരള സർക്കാർ നിയമിച്ച ജസ്റ്റിസ് രാജേന്ദ്ര ബാബു കമ്മീഷൻ റിപ്പോർട്ടിലെ ശുപർശകളുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്തും വരുമാന പരിധി നാലര ലക്ഷം രൂപയായി നിശ്ചയിച്ചു. മൂന്ന് വർഷത്തിലൊരിക്കൽ ഇത് പുനഃപരിശോധിച്ച് ഭേദഗതി ചെയ്യണമെന്ന് നിയമം അനുശാസിക്കുന്നുണ്ട്. 9 ലക്ഷം രൂപയായി വരുമാന പരിധി ഉയർത്തണമെന്ന് ദേശീയ പിന്നോക്ക വിഭാഗ കമ്മീഷൻ ശുപാർശ ചെയ്തിരുന്നതായും ആയത് പഠിക്കുന്നതിന് കേന്ദ്ര സർക്കാർ നിയോഗിച്ച ഉപ സമിതി അത് 6 ലക്ഷം രൂപയായി നിശ്ചയിക്കുന്നതിന് ശുപാർശ ചെയ്തതായും മാധ്യമങ്ങളിൽനിന്നും മനസ്സിലാക്കുന്നു. ജീവിത നിലവാരം ഉയർന്നിരിക്കുന്ന സാഹചര്യത്തിൽ ക്രീമിലെയർ വരുമാന പരിധി വർദ്ധിപ്പിക്കണമെന്നുള്ളതാണ് സർക്കാരിന്റെ നിലപാട്. പിന്നോക്ക വിഭാഗങ്ങളുടെ നിയമനവുമായി ബന്ധപ്പെട്ട വകുപ്പുകളുടെ പ്രവർത്തനം ഏകോപിപ്പിക്കുന്നതിന് നിയോഗിച്ച ഉന്നതാധികാര സമിതി യോഗം ചേരുന്നില്ലെന്ന വിഷയം പ്രത്യേകം പരിശോധിക്കുന്നതാണ്.

### (2) പി.എഫ്. പെൻഷൻകാരെ ആർ.എസ്.ബി.വൈ.യിൽ ഉൾപ്പെടുത്തേണ്ടതിന്റെ ആവശ്യകത

ശ്രീ. എളമരം കരീം: സംസ്ഥാനത്തെ മൂന്നുലക്ഷത്തിലധികം വരുന്ന പി.എഫ്. അംഗങ്ങളുടെ പെൻഷൻ കുറഞ്ഞത് ആയിരം രൂപയെങ്കിലുമാക്കി വർദ്ധിപ്പിക്കണമെന്ന ആവശ്യത്തിന്മേൽ കേന്ദ്ര ധനകാര്യ വകുപ്പിന്റെ അനുമതി ലഭ്യമാക്കുന്നതിന് സമ്മർദ്ദം ചെലുത്തുന്നതിനും ഇവരെ ആർ.എസ്.ബി.വൈ.യിൽ ഉൾപ്പെടുത്തി ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിനും

നടപടി സ്വീകരിക്കണം. 2011 മെയ് മാസത്തിന് ശേഷം റിട്ടയറായവരെക്കൂടി ബി.പി.എൽ. പട്ടികയിൽ ഉൾപ്പെടുത്തി ഒരു രൂപയ്ക്ക് അരി ലഭ്യമാക്കുന്നതിനും മിനിമം പെൻഷൻ ഉയർത്തുന്നതിനെക്കുറിച്ച് പഠനം നടത്തുന്നതിനും നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): പി.എഫ്. പെൻഷൻകാർക്ക് ലഭിക്കുന്ന മിനിമം പെൻഷൻ ആയിരം രൂപയെങ്കിലുമാക്കി വർദ്ധിപ്പിക്കണമെന്ന ആവശ്യം പല തവണ കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തിയതിനെ തുടർന്ന് അനുകൂലമായ തീരുമാനമുണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു. അരിക്ക് നൽകുന്ന സബ്സിഡി തുക വർദ്ധിച്ചിരിക്കുന്ന സാഹചര്യത്തിൽ പി.എഫ്. പെൻഷൻകാരെക്കൂടി ഉൾപ്പെടുത്തിയാൽ സബ്സിഡി തുക വീണ്ടും വർദ്ധിക്കുമെന്നതിനാൽ അതേക്കുറിച്ച് ആലോചിക്കേണ്ടതുണ്ട്. പി.എഫ്. പെൻഷൻകാരെ ആർ.എസ്.ബി.വൈ.യിൽ ഉൾപ്പെടുത്തുന്നതിനെക്കുറിച്ചും മിനിമം പെൻഷൻ തുക ഉയർത്തുന്നതിന് ആവശ്യമായ പഠനം നടത്തുന്നതിനെക്കുറിച്ചും സർക്കാർ പരിശോധിക്കുന്നതാണ്.

## സബ്മിഷൻ

### (1) ടെസിൽ കെമിക്കൽസിലെ അഴിമതി

പ്രതിപക്ഷ നേതാവ് (ശ്രീ. വി.എസ്. അച്ചുതാനന്ദൻ): കോട്ടയം ടെസിൽ കെമിക്കൽസ് ആന്റ് ഹൈഡ്രോ പവർ ലിമിറ്റഡ് കമ്പനിക്ക് വൈദ്യുതി ചാർജ്ജിനത്തിൽ 36 കോടി രൂപ ഇളവ് നൽകിയത് സംബന്ധിച്ചും ക്യാപ്റ്റീവ് പവർ പ്രോജക്ടുകളായ ഉല്ലുങ്കലും കാരിക്കയവും ഇൻഡിപെൻഡന്റ് പവർ പ്രോജക്ടുകളാക്കി മാറ്റി വൈദ്യുതി വിൽപ്പന നടത്താൻ അനുവദിച്ച്

ഉത്തരവ് നൽകിയതുമൂലം സർക്കാരിനുണ്ടായ നഷ്ടം സംബന്ധിച്ചും സി.ബി.ഐ. അന്വേഷണം നടത്താൻ സർക്കാർ തയ്യാറാകണം.

ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): ടെസ്സിൽ കെമിക്കൽസിനെ ലിറ്റിഗേഷനിൽനിന്നും രക്ഷിക്കുകയെന്ന ലക്ഷ്യത്തോടെയാണ് പവർ ജനറേറ്റ് ചെയ്യുന്നതിനുള്ള പ്രോജക്ട് അവരെ ഏൽപ്പിക്കുകയും ജനറേറ്റ് ചെയ്ത പവർ സർക്കാർ വാങ്ങുകയും ചെയ്തത്. എന്നാൽ പിന്നീട് വന്ന എൽ.ഡി.എഫ്. സർക്കാർ പ്രസ്തുത ഇടപാട് അംഗീ കരിക്കുകയാണുണ്ടായത്. സർക്കാരിലേയ്ക്ക് സർച്ചാർജ്ജിനത്തിൽ കിട്ടാനു ണ്ടായിരുന്ന തുക ലഭ്യമാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. മിനിമം ഡിമാന്റ് ചാർജ് ഇനത്തിൽ തരേണ്ട തുകയും ഡിസ്കണക്ട് ചെയ്തതുവരെയുള്ള തുകയും ഈടാക്കിയിട്ടുണ്ട്. ഒൺടൈം സെറ്റിൽമെന്റ് അനുസരിച്ച് മൊത്തം തുകയിൽ ഇളവ് ചെയ്തുകൊടുത്തതിൽ ഒരു അഴിമ തിയും നടന്നിട്ടില്ല, സി.ബി.ഐ. അന്വേഷണം നടത്തേണ്ട ആവശ്യമില്ല.

## (2) പെൻഷൻ അവകാശങ്ങൾക്കുവേണ്ടി തീയതി പുന:ക്രമീകരിക്കൽ

ശ്രീ. വി. റ്റി. ബൽറാം: സീനിയറായ ഉദ്യോഗാർത്ഥികൾ പെൻഷൻ സമ്പ്രദായത്തിൽ നിന്നും പുറത്താകാതിരിക്കുന്നതിനുവേണ്ടി ഉത്തരവിൽ അപ്പോയിന്റ്മെന്റ് ഡേറ്റിന് പകരം അഡ്വൈസ് ഡേറ്റ് എന്നാക്കുന്നതിന് നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): പങ്കാളിത്ത പെൻഷനെപറ്റിയുള്ള സർക്കാരിന്റെ നിലപാട് വ്യക്തമാക്കിയിട്ടുണ്ട്. സംസ്ഥാന ലിസ്റ്റിലെ 42–ാം

ഇനം അനുസരിച്ച് സംസ്ഥാന സർക്കാർ ജീവനക്കാരുടെ പെൻഷൻ സംബന്ധിച്ച് നിയമനിർമ്മാണം നടത്താനുള്ള അധികാരം നിയമസഭയ്ക്കാണ്.

## (3) റെയിൽവേ ലൈൻ പദ്ധതി

ശ്രീ. ചിറ്റയം ഗോപകുമാർ: ചെങ്ങന്നൂർ–പന്തളം–അടൂർ–കൊട്ടാരക്കര–തിരുവനന്തപുരം റെയിൽവേ ലൈൻ പദ്ധതി സംബന്ധിച്ച് റെയിൽവേ മന്ത്രാലയത്തിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിന് നടപടി സ്വീകരിക്കണം.

ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): ചെങ്ങന്നൂർ–പന്തളം–അടൂർ–കൊട്ടാരക്കര–തിരുവനന്തപുരം റെയിൽവേ ലൈൻ സംബന്ധിച്ച് പ്രാഥമിക സർവ്വേ നടത്തിക്കഴിഞ്ഞു. ഇപ്പോൾ സാമ്പത്തിക വിഭാഗം നടത്തിക്കൊണ്ടിരിക്കുന്ന പഠനത്തിനുശേഷം ബഡ്ജറ്റിൽ പ്രത്യേക പ്രൊവിഷൻ കൊണ്ടുവന്ന് ഇത് നടപ്പാക്കുമെന്നാണ് കേന്ദ്രസർക്കാർ അറിയിച്ചിട്ടുള്ളത്.

## (4) മദ്യക്കുപ്പികളിൽ ഹോളോഗ്രാം ലേബലുകൾ

ശ്രീ. റ്റി. എൻ. പ്രതാപൻ: സംസ്ഥാനത്ത് ബിവറേജസ് കോർപ്പറേഷൻ വഴി വിതരണം ചെയ്യുന്ന മദ്യക്കുപ്പികളിൽ ഹോളോഗ്രാം സെക്യൂരിറ്റി ലേബലുകൾ പതിപ്പിക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു): നിലവിലെ ഹോളോഗ്രാം സെക്യൂരിറ്റി ലേബൽ സംവിധാനത്തിൽ സുരക്ഷാ സംവിധാനങ്ങളുടെ പോരായ്മകൾ പരിഹരിക്കുന്നതിന് സി ആന്റ് എ. ജി. ശുപാർശകൾ നൽകിയതിന്റെ അടിസ്ഥാനത്തിൽ എക്സൈസ് വകുപ്പിന്റെ പരിപൂർണ്ണ നിയന്ത്രണത്തിൽ

ഹൈ സെക്യൂരിറ്റി ലേബൽ സംവിധാനത്തിന് ശുപാർശ ചെയ്തിട്ടുണ്ട്. ഇപ്പോൾ ആവിഷ്ക്കരിക്കാൻ ഉദ്ദേശിക്കുന്ന ഹൈ സെക്യൂരിറ്റി ഹോളോഗ്രാമി ന്റെ മാസ്റ്റർഡൈ സംസ്ഥാന എക്സൈസ് കമ്മീഷണറുടെ നേരിട്ടുള്ള നിയന്ത്രണത്തിലായിരിക്കും സൂക്ഷിക്കുന്നത്. കാലാകാലങ്ങളിൽ ഡിസൈ നിലും ഫീച്ചറിലും മാറ്റം വരുത്താനും അതുവഴി അനുകരണം ഇല്ലാതാ ക്കാനും മദ്യക്കുപ്പികളിൽ പതിക്കുന്നതിനുള്ള ഹൈ സെക്യൂരിറ്റി ഹോളോഗ്രാം ലേബലുകൾ നിർമ്മിക്കാനും എക്സൈസ് വകുപ്പ് ആലോചിച്ചുവരുന്നു. കെ.എസ്.ബി.സി.യുടെ 23 വെയർഹൗസുകളിലും പ്രിന്റിംഗ് പ്രസ്സിലും സുരക്ഷാ സംവിധാനം ഉറപ്പുവരുത്തുന്നതിനായി 80 തസ്തികകൾ സൃഷ്ടിക്കേണ്ടതായും സി.സി.ടി.വി. സംവിധാനം ഏർപ്പെടുത്തേണ്ടതായും വരും. സുതാര്യമായ ബിഡ്ഡിംഗ് പ്രോസസ്സിലൂടെ സെക്യൂരിറ്റി ലേബൽ നിർമ്മാണത്തിനായി സി–ഡിറ്റ് (കെൽട്രോൺ) സെക്യൂരിറ്റി പ്രസ്സിനെ തെരഞ്ഞെടുക്കുന്നതാണ്.

## (5) <u>യൂണിയൻ ചെയർമാന്റെ അനിശ്ചിതകാല സത്യാഗ്രഹം</u>

<u>ശ്രീ. റ്റി. വി. രാജേഷ്</u>: കണ്ണൂർ സർവ്വകലാശാലയിലെ അന്യായമായ ഫീസ് വർദ്ധനവിനെതിരെ സർവ്വകലാശാല യൂണിയൻ ചെയർമാൻ നടത്തുന്ന അനിശ്ചിതകാല നിരാഹാര സത്യാഗ്രഹം ഒത്തുതീർപ്പാക്കാനും ഫീസ് വർദ്ധന പുന:പരിശോധിക്കാനും നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (<u>ശ്രീ. പി.കെ. അബ്ദു റബ്ബ്</u>): കണ്ണൂർ സർവ്വകലാശാലയുടെ വിവിധ സേവനങ്ങൾക്കുള്ള ഫീസ് നിരക്ക് വർദ്ധിപ്പിച്ചതിനെതിരെ ഒരു വിഭാഗം വിദ്യാർത്ഥികൾ സർവ്വകലാശാല ആസ്ഥാനത്ത് നടത്തിയ പ്രക്ഷോഭത്തിൽ യൂണിവേഴ്സിറ്റിയുടെ ഏകദേശം

20 ലക്ഷം രൂപയുടെ വസ്തുവകകൾക്ക് നാശനഷ്ടം സംഭവിക്കുകയും കുറ്റക്കാരായവർക്കെതിരെ കേസ് രജിസ്റ്റർ ചെയ്യുകയും ചെയ്തിട്ടുണ്ട്. വൈസ് ചാൻസലറുടെയും സിൻഡിക്കേറ്റ് പ്രതിനിധികളുടെയും നേതൃത്വത്തിൽ വിദ്യാർത്ഥി സംഘടന പ്രതിനിധികളുമായി 25.3.2013-ന് അനുരഞ്ജന ചർച്ചകൾ നടത്തിയെങ്കിലും തീരുമാനമായില്ല. 26.03.2013-ന് വീണ്ടും വിദ്യാർത്ഥി പ്രതിനിധികളുമായി ചർച്ച ചെയ്യുന്നതിന് യൂണിവേഴ്സിറ്റി അധികൃതർ തീരുമാനിച്ചിട്ടുണ്ട്.

## (6) വിദ്യാർത്ഥിയുടെ മരണം

ശ്രീ. ജി. സുധാകരൻ: കളർകോട് അഖിലേഷ് എന്ന വിദ്യാർത്ഥി പോലീസ് കസ്റ്റഡിയിൽവച്ച് മരണപ്പെട്ട സംഭവത്തിന് ഉത്തരവാദികളായ പോലീസ് ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കാനും വിദ്യാർത്ഥിയുടെ കുടുംബത്തിന് 10 ലക്ഷം രൂപ ധനസഹായം നൽകാനും ആലപ്പുഴ ബൈപ്പാസ് അക്രമിസംഘത്തെ അമർച്ച ചെയ്യാനും നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): കസ്റ്റഡിയിൽവച്ച് വിദ്യാർത്ഥി മരണപ്പെട്ട സംഭവത്തിന് ഉത്തരവാദികളായ ഒരു സബ് ഇൻസ്പെക്ടർ, പോലീസ് ഡ്രൈവർ എന്നിവരെ സസ്പെന്റ് ചെയ്തിട്ടുണ്ട്. കസ്റ്റഡിയിലെടുത്ത് കൊണ്ടുപോകുമ്പോൾ ആ വ്യക്തിയോടൊപ്പം ഒരു പോലീസുകാരൻ ഉണ്ടാകണമെന്ന കാര്യത്തിൽ വീഴ്ച സംഭവിച്ചിട്ടുണ്ടോ എന്ന് പരിശോധിക്കുന്നതാണ്. കുട്ടിയുടെ ചികിത്സയുമായി ബന്ധപ്പെട്ട് ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഈ കേസ് അന്വേഷണം ക്രൈം ബ്രാഞ്ചിനെ ഏൽപ്പിക്കുന്നതാണ്. ആലപ്പുഴയിൽ ഹൈവേയിൽ നടക്കുന്ന

അക്രമപ്രവർത്തനങ്ങൾ അടിച്ചമർത്തുന്നതിനും ജനങ്ങൾക്ക് സ്വൈരജീവിതം ഉറപ്പാക്കുന്നതിനും വേണ്ടിയുള്ള നടപടി സ്വീകരിക്കുന്നതാണ്. മരിച്ച വിദ്യാർത്ഥിയുടെ കുടുംബത്തിന് നഷ്ടപരിഹാരം നൽകുന്നത് സംബന്ധിച്ച് മുഖ്യമന്ത്രിയുമായി ആലോചിച്ച് തീരുമാനമെടുക്കുന്നതാണ്.

## (7) പുതിയ ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസ്

ശ്രീ. ഐ. സി. ബാലകൃഷ്ണൻ: സുൽത്താൻ ബത്തേരിയിലെ കൂതാടി ഗ്രാമപഞ്ചായത്തിലെ കേണിച്ചിറയിൽ ഒരു പുതിയ ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസ് അനുവദിക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): 25,000–ത്തിലധികം ഉപഭോക്താക്കളോ നൂറ് സ്ക്വയർ കിലോമീറ്ററിൽ കൂടുതൽ വിസ്തീർണ്ണമോ ഉണ്ടെങ്കിൽ മാത്രമേ പുതിയ സെക്ഷൻ ഓഫീസ് അനുവദിക്കാൻ സാധിക്കുകയുള്ളു. പഞ്ചായത്ത് സ്ഥലം ലഭ്യമാക്കുന്ന പക്ഷം പേമെന്റ് സൗകര്യത്തോടുകൂടിയ സബ് എഞ്ചിനീയർ ഓഫീസ് ആരംഭിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

## (8) സാമൂഹ്യ പരിരക്ഷാ കേന്ദ്രങ്ങൾ

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ: അനാഥാലയങ്ങളേയും സമാന സ്ഥാപനങ്ങളേയും സാമൂഹ്യ പരിരക്ഷാ കേന്ദ്രങ്ങൾ എന്ന് പുനർ നാമകരണം ചെയ്യാനാവശ്യമായ നടപടികൾ സ്വീകരിക്കണം

പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ഡോ. എം.കെ. മുനീർ): ഓർഫനേജുകൾ, അനാഥാലയങ്ങൾ തുടങ്ങിയ പേരുകൾ കാലോചിതമായി പരിഷ്ക്കരിക്കുന്നത് സംബന്ധിച്ച നിയമവശങ്ങൾ ചർച്ച ചെയ്യുകയും അന്തേവാസിയുടെ വ്യക്തിത്വത്തിന് സങ്കീർണ്ണ

തയോ അപകർഷതാബോധമോ ഉണ്ടാക്കാത്ത പൊതുസ്വഭാവമുള്ള പേരുകൾ സ്വീകരിക്കാൻ സ്ഥാപനങ്ങളോട് അഭ്യർത്ഥിക്കാൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. അനാഥാലയങ്ങളുടെ പേര് സാമൂഹ്യ പരിരക്ഷാ കേന്ദ്രങ്ങൾ എന്നാക്കി മാറ്റാനുള്ള നിർദ്ദേശം സംബന്ധിച്ച് പരിശോധിച്ച് നടപടികൾ സ്വീകരിക്കുന്നതാണ്.

## (9) രൂക്ഷമായ കുടിവെള്ള ക്ഷാമം

ശ്രീ. വർക്കല കഹാർ: വർക്കല നിയോജകമണ്ഡലത്തിലെ രൂക്ഷമായ കുടിവെള്ള ക്ഷാമം പരിഹരിക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്): വർക്കല മുനിസിപ്പാലിറ്റിയിലെ പഴക്കംചെന്ന പൈപ്പുകൾ മാറ്റി സ്ഥാപിക്കുന്നതിന് 11 കോടി രൂപയുടെ പദ്ധതി തയ്യാറാക്കി ഭരണാനുമതി നൽകുന്ന കാര്യം പരിശോധിച്ചുവരുന്നു. തീരദേശ മേഖലകളിൽ കുടിവെള്ളമെത്തിക്കുന്നതിനായി 31 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. മുനിസിപ്പൽ പ്രദേശങ്ങളിലെയും സമീപ പ്രദേശങ്ങളിലെയും പമ്പ് ഹൗസുകളോടനുബന്ധിച്ചുള്ള കിണറുകൾ വൃത്തിയാക്കുന്ന പ്രവർത്തനങ്ങൾ നടന്നുവരുന്നു. കേടുവന്ന പൈപ്പുകൾ മാറ്റി ജലവിതരണം കാര്യക്ഷമമാക്കിയിട്ടുണ്ട്. നിലവിൽ നടന്നുകൊണ്ടിരിക്കുന്ന പ്രവൃത്തികൾ അടിയന്തരമായി പൂർത്തിയാക്കാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

## (10) ചിമ്മിനി ഇക്കോ ടൂറിസം പദ്ധതി

പ്രൊഫ. സി. രവീന്ദ്രനാഥ്: പുതുക്കാട് നിയോജകമണ്ഡലത്തിലെ ചിമ്മിനി ഇക്കോ ടൂറിസം പദ്ധതിയുടെ ഒന്നാം ഘട്ടം പൂർത്തിയാക്കുവാനും

രണ്ടാം ഘട്ടമായി ഡാം സൈറ്റ് മോടിപിടിപ്പിക്കാനും ആവശ്യമായ നടപടികൾ സ്വീകരിക്കണം.

പട്ടികജാതി–പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ. പി. അനിൽ കുമാർ): ചിമ്മിനി ഇക്കോ ടൂറിസം പദ്ധതിയുടെ ഒന്നാം ഘട്ടം പൂർത്തീകരിച്ചു. രണ്ടാം ഘട്ടത്തിന്റെ പുതുക്കിയ നിർദ്ദേശങ്ങളുടെ വിശദമായ എസ്റ്റിമേറ്റ് ലഭ്യമാകുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

## (11) എം.സി റോഡ് നിർമ്മാണം

ശ്രീ. മോൻസ് ജോസഫ്: കെ.എസ്.റ്റി.പി റോഡ് വികസന പദ്ധതിയുടെ രണ്ടാം ഘട്ടത്തിലുൾപ്പെട്ട എം.സി. റോഡിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ അടിയന്തരമായി ആരംഭിക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി.കെ. ഇബ്രാഹിംകുഞ്ഞ്): കെ.എസ്.റ്റി.പി.യുടെ രണ്ടാം ഘട്ട റോഡ് നിർമ്മാണ പ്രവർത്തനങ്ങൾക്കായി കേന്ദ്ര സാമ്പത്തികകാര്യ വകുപ്പിന്റെയും ലോക ബാങ്കിന്റെയും അംഗീകാരം ലഭിച്ചിട്ടുണ്ട്. 363 കിലോമീറ്റർ ദൈർഘ്യം വരുന്ന ആറ് റോഡുകളുടെ നിർമ്മാണ പ്രവർത്തനങ്ങളാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. കരാറുകാരിൽ നിന്ന് ദർഘാസ് ക്ഷണിക്കുന്നതിന് നിബന്ധന അനുസരിച്ചുള്ള ഇൻവിറ്റേഷൻ ഫോർ ബിഡ് നോട്ടീസ് തയ്യാറാക്കി അനുമതിക്കായി ലോക ബാങ്കിന് സമർപ്പിച്ചിട്ടുണ്ട്. എൻ.ഒ.സി കിട്ടിയാലുടൻ ടെണ്ടർ ക്ഷണിക്കുന്നതാണ്. 2013 ജൂൺ അവസാനത്തോടെ നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ച് നിശ്ചയിച്ച സമയപരിധിക്കുള്ളിൽ തന്നെ പൂർത്തിയാക്കാനുള്ള നടപടികൾ സ്വീകരിക്കും.

## (12) ചന്ദ്രലാലിന്റെ കൊലപാതകം

ഡോ. ടി. എം. തോമസ് ഐസക്: ആലപ്പുഴ മണ്ണഞ്ചേരി ഗ്രാമപഞ്ചായത്തിലെ ചന്ദ്രലാലിന്റെ കൊലപാതകത്തിന് കാരണക്കാരായവരെ അറസ്റ്റ് ചെയ്യുന്നതിനും പ്രദേശത്തെ ഗുണ്ടാവിളയാട്ടം അവസാനിപ്പിക്കുന്നതിനും നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): ആലപ്പുഴ ജില്ലയിലെ മണ്ണഞ്ചേരി പഞ്ചായത്ത് കോളനിയിൽ രാമൻകുട്ടിയുടെ മകനും തിരുവല്ല കെ.എസ്.ഇ.ബി മസ്ദൂറുമായ ചന്ദ്രലാൽ ഒരു സംഘം ആളുകളുടെ മർദ്ദനത്തെത്തുടർന്ന് മരണപ്പെടുകയുണ്ടായി. മണ്ണഞ്ചേരി പോലീസ് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിയതിൽ കുടുംബവഴക്കിനെ തുടർന്നുള്ള വൈരാഗ്യമാണ് കൊലപാതകത്തിൽ കലാശിച്ചതെന്ന് അറിവായിട്ടുണ്ട്. 6 പ്രതികളെ അറസ്റ്റ് ചെയ്യുകയും തുടർന്നുള്ള ഇൻവെസ്റ്റിഗേഷന് മദ്ധ്യമേഖലാ റേഞ്ച് ഐ.ജി.യെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഗുണ്ടാ വിളയാട്ടം അവസാനിപ്പിക്കുന്നതിന് എല്ലാ നടപടികളും സ്വീകരിക്കുന്നതാണ്.

## (13) പട്ടികജാതി വിഭാഗത്തിൽ ഉൾപ്പെടുത്തൽ

ശ്രീ. പി. ബി. അബ്ദുൾ റസാക്: കാസർഗോഡ് ജില്ലയിലെ സരസണ്ണ പിന്നോക്ക ജനവിഭാഗത്തെ പട്ടികജാതി വിഭാഗത്തിൽ ഉൾപ്പെടുത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

പട്ടികജാതി–പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ. പി. അനിൽകുമാർ): കാസർഗോഡ് ജില്ലയിലെ

സരസണ്ണ വിഭാഗത്തിന് സാമൂഹ്യ ശ്രേണിയിൽ മുന്നോക്ക സമുദായങ്ങളുടെ സാമൂഹിക പദവിയാണുള്ളതെന്നാണ് പഠനങ്ങൾ തെളിയിക്കുന്നത്. സരസണ്ണ വിഭാഗം കേരളത്തിലെ സംവരണ പട്ടികകളിൽ ഒന്നുംതന്നെ ഇപ്പോൾ ഉൾപ്പെട്ടിട്ടില്ല. ഇവരുടെ സാമൂഹിക-സാമ്പത്തിക-വിദ്യാഭ്യാസ പിന്നോക്കാവസ്ഥയെക്കുറിച്ച് വിശദമായ പഠനം നടത്തി റിപ്പോർട്ട് സമർപ്പി ക്കുവാൻ കിർത്താഡ്സിനെ ചുമതലപ്പെടുത്തുകയും റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് അതിനെക്കുറിച്ച് പരിശോധിക്കുന്നതുമാണ്.

## (14) ദളിത് യുവതിക്കുനേരെ പോലീസ് അതിക്രമം

ശ്രീമതി കെ. എസ്. സലീഖ: പാലക്കാട് ജില്ലയിലെ പട്ടാമ്പി മുതുതല പഞ്ചായത്തിലെ പെരുമുടി ഊരിൽ പട്ടിക വിഭാഗത്തിൽപ്പെട്ട യുവതിയെ പോലീസ് ജാതിപ്പേര് വിളിച്ച് അധിക്ഷേപിക്കുകയും മർദ്ദിക്കുകയും ചെയ്ത സംഭവത്തെക്കുറിച്ച് അന്വേഷണം നടത്തി കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): 20-02-2013-ന് ഉച്ചയ്ക്ക് നാസർ എന്നയാളിന്റെ വീട്ടിൽ കയറി വെട്ടി പരിക്കേൽപ്പിച്ചതുമായി ബന്ധപ്പെട്ട കേസിന്റെ അന്വേഷണത്തിൽ ഒളിവിൽ പോയ സതീഷിനെ വീടിനു സമീപം വച്ച് കണ്ടതിനെത്തുടർന്ന് നിയമാനുസൃതമായി അറസ്റ്റ് ചെയ്ത വിവരമ റിഞ്ഞ് അവിടെയെത്തിയ പ്രതിയുടെ ഭാര്യ ലതിക അറസ്റ്റിന് തടസ്സം സൃഷ്ടി ച്ചുവെങ്കിലും പ്രതിയെ കോടതി മുമ്പാകെ ഹാജരാക്കുകയും 14 ദിവസ ത്തേയ്ക്ക് റിമാന്റ് ചെയ്യുകയും ചെയ്തു. ഇതിനെത്തുടർന്ന് രണ്ട് പോലീസു കാർ ദേഹോപദ്രവം ഏൽപ്പിച്ചുവെന്ന് ആരോപിച്ച് ലതിക 24-03-2013-ന്

പട്ടാമ്പി ഗവൺമെന്റ് ആശുപത്രിയിൽ അഡ്മിറ്റായി. ആശുപത്രിയിൽനിന്നും ഇന്റിമേഷൻ ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ പട്ടാമ്പി എസ്.ഐ. ലതികയുടെ മൊഴി രേഖപ്പെടുത്തുകയും ആരോപണങ്ങൾ സംബന്ധിച്ച് അന്വേഷിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി ഷൊർണ്ണൂർ ഡിവൈ.എസ്.പി.യെ ചുമതല പ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

### (15) പെരിമ്പിലാവ് ആസ്ഥാനമായി പുതിയ പോലീസ് സ്റ്റേഷൻ

ശ്രീ. ബാബു എം. പാലിശ്ശേരി: കുന്നംകുളം പോലീസ് സ്റ്റേഷൻ വിഭജിച്ച് പെരിമ്പിലാവ് ആസ്ഥാനമായി പുതിയ പോലീസ് സ്റ്റേഷൻ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): കേസ്സുകളുടെ എണ്ണവും ജനസാന്ദ്രതയും കണക്കിലെടുത്ത് പെരിമ്പിലാവ് കേന്ദ്രമാക്കി ഒരു പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നതിന് തൃശ്ശൂർ ജില്ലാ പോലീസ് മേധാവി 2011–ൽ ഒരു പ്രൊപ്പോസൽ തയ്യാറാക്കി സംസ്ഥാന പോലീസ് മേധാവിക്ക് സമർപ്പിച്ചിട്ടുണ്ട്. സ്ഥലവും കെട്ടിടവും ലഭിക്കാത്തതാണ് പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നതിന് തടസ്സമായി നിൽക്കുന്നത്.

### (16) വിമുക്ത ഭടന്റെ ദുരൂഹ മരണം

ശ്രീ. കെ. കെ. നാരായണൻ: കണ്ണൂർ ജില്ലയിലെ കടമ്പൂർ ഗ്രാമപഞ്ചായ ത്തിലെ ആഡൂർ സ്വദേശി വി.വി. ദിനേശന്റെ ദുരൂഹ മരണം സംബന്ധിച്ച് അന്വേഷണം നടത്തി കുറ്റവാളിയെ കണ്ടെത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): കണ്ണൂർ ജില്ലയിലെ കടമ്പൂർ ഗ്രാമപഞ്ചായത്തിലെ ആഡൂർ സ്വദേശി വി.വി. ദിനേശൻ 30-07-2009-ൽ മരണപ്പെടുകയുണ്ടായി. സൈക്കിളിൽ വീട്ടിലേയ്ക്ക് വരവെ കൈവരിയില്ലാത്ത കലുങ്കിൽനിന്നും തോട്ടിലേക്ക് വീണ് മദ്യപിച്ചിരുന്നതിനാൽ സ്വയം നിയന്ത്രിക്കാനാകാതെയും ഒഴുക്കിനെതിരെ പ്രതിരോധിക്കാൻ കഴിയാതെയും വെള്ളത്തിൽ മുങ്ങി മരിച്ചതായാണ് ഇതുവരെയുള്ള അന്വേഷണത്തിൽ വെളിവായിട്ടുള്ളത്. മരണം സംഭവിച്ചത് സംശയകരമായ സാഹചര്യത്തിലായതിനാൽ കണ്ണൂർ നാർക്കോട്ടിക് ഡിവൈ.എസ്.പി. വിശദമായ അന്വേഷണം നടത്തിയിട്ടും കാര്യമായ പുരോഗതി ഉണ്ടാകാത്തതിനാൽ സി.ബി.സി.ഐ.ഡി. കോഴിക്കോട് യൂണിറ്റിനെ ഏൽപ്പിച്ച് 04-02-2010 മുതൽ ഡിറ്റക്ടീവ് ഇൻസ്പെക്ടർ അന്വേഷണം നടത്തി വരികയാണ്.

## (17) ഭൂമിക്ക് പൊന്നും വില

ശ്രീ. മുല്ലക്കര രത്നാകരൻ: ചടയമംഗലം പെരപ്പയം പാലം നിർമ്മാണവുമായി ബന്ധപ്പെട്ട് ഭൂമി വിട്ടുകൊടുത്തവർക്ക് പൊന്നുംവില നൽകുന്നതിന് നടപടി സ്വീകരിക്കണം.

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): ചടയമംഗലം പെരപ്പയം പാലം നിർമ്മാണത്തിനായി കൊട്ടാരക്കര താലൂക്കിലെ വെളിനെല്ലൂർ, ചടയമംഗലം വില്ലേജുകളിൽ ഏറ്റെടുക്കാനുള്ള ഭൂമിക്ക് ജില്ലാതല പർച്ചേസ് കമ്മിറ്റി നിശ്ചയിച്ച സ്ഥലവില 23-02-2012-ൽ കൂടിയ സ്റ്റേറ്റ് ലെവൽ എംപവേർഡ് കമ്മിറ്റി അംഗീകരിച്ചതിന്റെ അടിസ്ഥാനത്തിൽ സ്ഥലം ഏറ്റെടുക്കുന്നതിന് പൊതുമരാമത്ത് വകുപ്പ് ചീഫ് എഞ്ചിനീയർ ഫണ്ട്

ആവശ്യപ്പെട്ടതിനെത്തുടർന്ന് വ്യക്തമായ റിപ്പോർട്ട് സമർപ്പിക്കുവാൻ കൊല്ലം ജില്ലാ കളക്ടറോട് റവന്യൂ വകുപ്പ് ആവശ്യപ്പെടുകയും റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് ജില്ലാ കളക്ടർക്ക് ഫണ്ട് അനുവദിച്ചു നൽകുന്നതും അടിയന്തര പ്രാധാന്യത്തോടുകൂടി നടപടികൾ സ്വീകരിക്കുന്നതുമാണ്.

## (18) പുതിയ ജില്ലാ രൂപീകരണം

ശ്രീ. തോമസ് ഉണ്ണിയാടൻ: ഇരിങ്ങാലക്കുട കേന്ദ്രമാക്കി പുതിയ ജില്ല രൂപീകരിക്കുന്നതിന് നടപടി സ്വീകരിക്കണം.

റവന്യുവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): പുതിയ ജില്ലകൾ രൂപീകരിക്കുന്നതു സംബന്ധിച്ച് തീരുമാനമെടുക്കാൻ കഴിയാത്ത സാഹചര്യത്തിൽ ഈ ആവശ്യം ഇപ്പോൾ പരിഗണിക്കാൻ കഴിയില്ല.

## (19) പി.എച്ച്.സി.യുടെ അപ്ഗ്രഡേഷൻ

ശ്രീ. പി. ഉബൈദുള്ള: അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമായ മൊറയൂർ പ്രൈമറി ഹെൽത്ത് സെന്റർ അപ്ഗ്രേഡ് ചെയ്ത് കിടത്തി ചികിത്സ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കണം.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി.എസ്. ശിവകുമാർ): ഒരു ബ്ലോക്കിൽ ഒരു സി.എച്ച്.സി. എന്ന നയത്തിന്റെ അടിസ്ഥാനത്തിൽ മൊറയൂർ പി.എച്ച്.സി.യുടെ ആറ് കിലോമീറ്റർ ചുറ്റളവിൽ കൊണ്ടോട്ടി സി.എച്ച്.സി.യും പൂക്കോട്ടൂർ സി.എച്ച്.സി.യും പ്രവർത്തിച്ചുവരുന്നുണ്ട്. മൊറയൂർ പി.എച്ച്.സി.യെ അപ്ഗ്രേഡ് ചെയ്യണമെന്ന പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

## (20) ഭൂമി കൈമാറ്റത്തിനുള്ള തീരുമാനം

ശ്രീ. ആർ. രാജേഷ്: നൂറനാട് ലെപ്രസി സാനറ്റോറിയം വക ഭൂമി ഇൻഡോ ടിബറ്റൻ ബോർഡർ പോലീസിന് കൈമാറാനുള്ള തീരുമാനം പിൻവലിക്കാൻ അടിയന്തര നടപടി സ്വീകരിക്കണം.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി.എസ്. ശിവകുമാർ): നൂറനാട് ലെപ്രസി സാനറ്റോറിയത്തിന്റെ കൈവശമുള്ള 145 ഏക്കർ ഭൂമിയിൽനിന്നും 50 ഏക്കർ സ്ഥലം ഇൻഡോ ടിബറ്റൻ ബോർഡർ പോലീസിന്റെ യൂണിറ്റ് ആരംഭിക്കുന്നതിന് നൽകാൻ മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ തീരുമാനമെടുത്തിട്ടുണ്ട്. ലെപ്രസി സാനറ്റോറിയത്തിന്റെ ചുറ്റളവിലുള്ള 25 ഏക്കർ സ്ഥലം കണ്ടെത്തി അത് സാനറ്റോറിയത്തോട് ചേർക്കാനും 71 ഏക്കർ സ്ഥലം ആരോഗ്യമേഖലയിലെ സ്ഥാപനങ്ങൾക്കുവേണ്ടി വകുപ്പിന്റെ കീഴിൽ നില നിർത്തി പ്ലാൻ സമർപ്പിക്കാനും നിർദ്ദേശം നൽകിയിട്ടുള്ളതിനാൽ ഈ തീരുമാനം പുന:പരിശോധിക്കേണ്ടതില്ലെന്നാണ് സർക്കാർ നിലപാട്.

## (21) മുത്തുച്ചിപ്പിക്കൃഷി

ശ്രീ. ഹൈബി ഈഡൻ: ഫിഷറീസ് വകുപ്പിന്റെ കീഴിൽ മുത്തുച്ചിപ്പി ക്കൃഷി വ്യാപകമാക്കി സംസ്ഥാനത്തിന്റെ തീരദേശ മേഖലയിലെ ജനങ്ങളുടേയും മത്സ്യത്തൊഴിലാളികളുടേയും വരുമാനം വർദ്ധിപ്പിക്കുന്നതിനും തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും നടപടി സ്വീകരിക്കണം.

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു): മുത്തുച്ചിപ്പികളുടെ സ്വാഭാവിക ആവാസ വ്യവസ്ഥ കേരളത്തിന്റെ തീരക്കടലിലും ഉണ്ടെന്ന കേന്ദ്ര സമുദ്ര മത്സ്യഗവേഷണ

കേന്ദ്രം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഫിഷറീസ് വകുപ്പിന്റെ അധീനതയിൽ പൈലറ്റ് പ്രോജക്ടായി വിഴിഞ്ഞത്ത് തുടങ്ങിയ മുത്തുവളർത്തൽ കേന്ദ്രത്തിന്റെ പ്രവർത്തനം നിലച്ചിരിക്കുകയാണ്. ഡിസൈനർ പേൾ ഉത്പാദിപ്പിക്കുന്നതിനുള്ള സാങ്കേതികവിദ്യ സി.എം.എഫ്.ആർ.ഐ. വികസിപ്പിച്ചിട്ടുണ്ട്. മുത്തുച്ചിപ്പി കൃഷിക്കുള്ള സൗകര്യം സംസ്ഥാനത്ത് നിലവിലില്ലാത്തതിനാൽ തീരപ്രദേശത്തെ ഹാച്ചറികളിൽ ആവശ്യമായ അടിസ്ഥാന സൗകര്യമൊരുക്കുന്നതിനും മുത്തുച്ചിപ്പിക്കുഞ്ഞുങ്ങളെ ഉത്പാദിപ്പിക്കുന്നതിനും നടപടി സ്വീകരിക്കുന്നതാണ്. തീരദേശ മേഖലയുടെ സാമ്പത്തിക വളർച്ചയ്ക്കും തൊഴിലവസരങ്ങളുടെ വർദ്ധനവിനുമുതകുന്ന മുത്തുച്ചിപ്പി കൃഷി സംസ്ഥാനത്ത് ആരംഭിക്കുന്നതിനുള്ള സാധ്യതകൾ സർക്കാർ പരിശോധിക്കുന്നതാണ്.

**(22) കോയിക്കൽ കൊട്ടാരം സാംസ്കാരിക നിലയമാക്കി ഉയർത്തൽ**

ശ്രീ. പാലോട് രവി: നെടുമങ്ങാട് കോയിക്കൽ കൊട്ടാരത്തിൽ ഒഴിവുള്ള തസ്തികകളിൽ നിയമനം നടത്താനും ഓഫീസ് സമുച്ചയം നിർമ്മിക്കുന്നതിനും റീജിയണൽ ഫോക് ലോർ സെന്റർ സ്ഥാപിക്കുന്നതിനും നൂതന പ്രകാശ സംവിധാനമൊരുക്കുന്നതിനും കൊട്ടാരത്തിന്റെ സംരക്ഷണത്തിനും പുനരുദ്ധാരണത്തിനും നടപടി സ്വീകരിക്കണം.

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ.സി. ജോസഫ്): നെടുമങ്ങാട് കോയിക്കൽ കൊട്ടാരത്തിന്റെ നവീകരണ പ്രവർത്തനങ്ങൾ ഉൾപ്പെടുത്തി സംസ്ഥാന സർക്കാർ സമർപ്പിച്ച മൂന്നരക്കോടി രൂപയുടെ പ്രോജക്ടിന് കേന്ദ്ര അനുമതി ലഭിക്കുകയും 80 ശതമാനം തുക കേന്ദ്ര സർക്കാരും 20 ശതമാനം സംസ്ഥാന

സർക്കാരും ചെലവഴിക്കണമെന്ന വ്യവസ്ഥയിൽ ഒന്നാം ഗഡു ലഭിക്കുകയും ചെയ്തിട്ടുണ്ട്. പ്രവർത്തനങ്ങൾ ഉടൻ ആരംഭിക്കുന്നതാണ്.

(23) പ്രവാസി ക്ഷേമനിധി

ശ്രീ. കെ.വി. അബ്ദുൾ ഖാദർ: പ്രവാസി ക്ഷേമ നിധിയിൽ ചേരുന്നതിനുള്ള പ്രായ പരിധി 60 വയസ്സാക്കി ഉയർത്തുന്നിനും പ്രവാസികളിൽനിന്നും കേന്ദ്ര സർക്കാർ ഈടാക്കുന്ന എമിഗ്രേഷൻ ക്ലിയറൻസ് ഫീസിൽനിന്നും സംസ്ഥാനത്തിന് അർഹമായ വിഹിതം നേടിയെടുക്കുന്നതിനും നടപടി സ്വീകരിക്കണം.

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ.സി. ജോസഫ്): പ്രവാസി ക്ഷേമനിധി സാമ്പത്തികമായി വയബിളല്ലെന്ന് കണ്ടെത്തിയിട്ടുണ്ട്. എമിഗ്രേഷൻ ക്ലിയറൻസ് ഫീസായി കേന്ദ്ര സർക്കാർ ഈടാക്കുന്ന തുകയിൽനിന്നും സംസ്ഥാന സർക്കാരിന് അർഹമായ വിഹിതം ലഭിക്കുന്നതിന് ആവശ്യമായ സമ്മർദ്ദം ചെലുത്തുന്നതും പ്രവാസി ക്ഷേമനിധിയിൽ അംഗങ്ങളാകുന്നതിന് ഗൾഫിലുള്ള സംഘടനകളുടേയും നോർക്കയുടെ ഹെൽപ്പ് ഡെസ്കിന്റെയും സഹായത്തോടെ പ്രചരണം കൊടുക്കുന്നതുമാണ്.

**മേശപ്പുറത്തുവച്ച കടലാസ്സുകൾ:**

കാര്യവിവരപ്പട്ടികയിലെ മൂന്നാമത്തെ ഇനമനുസരിച്ചുള്ള കടലാസ്സുകൾ മേശപ്പുറത്തുവച്ചു.

## റിപ്പോർട്ട് സമർപ്പണം

1. കാര്യോപദേശക സമിതിയുടെ പന്ത്രണ്ടാമത് റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

2. 2013–ലെ കേരള വെറ്ററിനറിയും ജന്തുശാസ്ത്രങ്ങളും സർവ്വകലാശാല (ഭേദഗതി) ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

3. 2013–ലെ തുഞ്ചത്ത് എഴുത്തച്ഛൻ മലയാളം സർവ്വകലാശാല ബിൽ, 2013–ലെ കോഴിക്കോട് സർവ്വകലാശാല (ഭേദഗതി) ബിൽ എന്നിവ സംബന്ധിച്ച സബ്ജക്റ്റ് കമ്മിറ്റി റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടു.

## റിപ്പോർട്ട് പരിഗണന

കാര്യോപദേശക സമിതിയുടെ പന്ത്രണ്ടാമത് റിപ്പോർട്ട് സഭ അംഗീകരിച്ചു.

## നിയമനിർമ്മാണകാര്യം

### 1. ബില്ലുകളുടെ അവതരണവും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും

(1) 2013–ലെ കേരള ലിഫ്റ്റുകളും എസ്കലേറ്ററുകളും ബിൽ

ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): 2013–ലെ കേരള ലിഫ്റ്റുകളും എസ്കലേറ്ററുകളും ബിൽ അവതരിപ്പിക്കുന്നു. ഓർഡിനൻസ് പ്രഖ്യാപിച്ചുകൊണ്ട് സത്വര നിയമനിർമ്മാണം നടത്താനുണ്ടായ സാഹചര്യം വിശദീകരിച്ചുകൊണ്ടുള്ള സ്റ്റേറ്റ്മെന്റും മേശപ്പുറത്തുവയ്ക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിക്കപ്പെട്ടിരിക്കുന്നു.

ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): 2013–ലെ കേരള ലിഫ്റ്റുകളും എസ്കലേറ്ററുകളും ബിൽ വിദ്യുച്ഛക്തിയും

തൊഴിലും തൊഴിലാളിക്ഷേമവും സംബന്ധിച്ച VII-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. ആര്യാടൻ മുഹമ്മദ്: ഇന്ന് സംസ്ഥാനത്തുള്ള ലിഫ്റ്റുകളുടേയും എസ്കലേറ്ററുകളുടേയും പരിശോധന ഇലക്ട്രിക്കൽ ഇൻസ്പക്ടറേറ്റാണ് നടത്തുന്നത്. മറ്റ് സംസ്ഥാനങ്ങളിൽ ആക്റ്റിന്റെയും റൂൾസിന്റെയും പിൻബലത്തിലാണ് ഇവയുടെ സുരക്ഷിതത്വം ഉറപ്പാക്കുന്നത്. ഒരു അംഗീകൃത നിർമ്മാതാവ് മുഖേന സുരക്ഷിതമായി ലിഫ്റ്റുകളും എസ്കലേറ്ററുകളും സ്ഥാപിക്കുന്നതിനും സംരക്ഷിക്കുന്നതിനും പരിപാലിക്കുന്നതിനും ആവശ്യമായ നിർദ്ദേശങ്ങൾ ഈ ബില്ലിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

ശ്രീ. മുല്ലക്കര രത്നാകരൻ: I move that- "This House resolves to disapprove The Kerala Lifts and Escalators Ordinance, 2013 (Ordinance No. 20 of 2013)". ജനങ്ങളുടെ ജീവിതം ഫ്ളാറ്റ് സംസ്കാരത്തിലേയ്ക്ക് മാറിക്കൊണ്ടിരിക്കുന്നതിനാൽ ഊർജ്ജ ഉപഭോഗം കുറഞ്ഞ ലിഫ്ടുകൾ സ്ഥാപിക്കേണ്ടതാണ്. ഈ ബില്ലിൽ സർവ്വാധികാരിയായി ഇലക്ട്രിക്കൽ ഇൻസ്പെക്ടർ വരുന്നതുകൊണ്ട് അഴിമതിയും സമ്മർദ്ദവും വരാനുള്ള സാദ്ധ്യത കൂടുതലായതിനാൽ ബില്ലിൽ ഒരു അപ്പലേറ്റ് അതോറിറ്റി ഉൾക്കൊള്ളിക്കണം. ലിഫ്റ്റ് ഓപ്പറേറ്റർമാർക്ക് സുരക്ഷിതത്വവും മറ്റ് ആനുകൂല്യങ്ങളും നൽകാനുള്ള വ്യവസ്ഥയും ബില്ലിൽ ഉൾപ്പെടുത്തണം.

ശ്രീ. വി. ചെന്താമരാക്ഷൻ: നിരാകരണപ്രമേയത്തെ പിന്താങ്ങുന്നു. ലിഫ്റ്റുകളെയും എസ്കലേറ്ററുകളെയും നിയമത്തിന്റെ പരിധിയിൽ കൊണ്ടു വരേണ്ടത് അനിവാര്യമാണ്. ബഹുനിലക്കെട്ടിടങ്ങളിലേയ്ക്ക് സഞ്ചാര യോഗ്യമായ റോഡുകളും അഗ്നിശമന സംവിധാനവും, വേസ്റ്റ് മാനേജ്മെന്റ്, കുടിവെള്ളം മുതലായവയ്ക്ക് ആവശ്യമായ സംവിധാനവുമുണ്ടാക്കണം. ലിഫ്റ്റുകളുടെയും എസ്കലേറ്ററുകളുടെയും പൊതുവായ കാര്യങ്ങൾ നിയന്ത്രിക്കുന്നതിനും കെട്ടിട വ്യാപ്തിക്കനുസരിച്ച് ലിഫ്റ്റുകൾ സ്ഥാപിക്കുന്നതിനുമുള്ള സമീപനം സ്വീകരിക്കണം. ലിഫ്റ്റുകളിലും എസ്കലേറ്ററുകളിലും യാത്ര ചെയ്യുമ്പോൾ സുരക്ഷിതത്വവും ലിഫ്റ്റ് ഇൻഷ്വറൻസ് പരിരക്ഷയും ഉറപ്പുവരുത്തണം.

ശ്രീ. എസ്. ശർമ്മ: 2013-ലെ കേരള ലിഫ്റ്റുകളും എസ്കലേറ്ററുകളും ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 30.04.2013 വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. ലിഫ്റ്റുകളും എസ്കലേറ്ററുകളും നിലവിലുള്ള നിയമങ്ങൾക്ക് വിധേയമല്ലെന്നുള്ള സാഹചര്യം കണക്കിലെടുത്താണ് ഇത്തരത്തിലൊരു ബിൽ കൊണ്ടുവന്നിട്ടുള്ളത്. നിലവിലുള്ള ലിഫ്റ്റുകളിലും എസ്കലേറ്ററുകളിലും ഏതെങ്കിലും തലത്തിലുള്ള പരിശോധന ഉറപ്പാക്കണം. ശിക്ഷയെ സംബന്ധിച്ച് പറയുന്ന 14-ാം വകുപ്പിൽ ഗൗരവത്തോടുകൂടി അതിന്റെ മെറിറ്റിലേയ്ക്ക് പോകുന്നതിന് സഹായകരമായ വിധത്തിലുള്ള പ്രൊപ്പോസലാണ് ഉണ്ടാകേണ്ടത്. കമ്പനികൾ ചെയ്യുന്ന കുറ്റങ്ങൾ എന്ന 15-ാം വകുപ്പിൽ മുൻകൂറായി ഒരു വീഴ്ച വരുത്തുന്നവർക്ക് പ്രൊട്ടക്ഷൻ ക്ലോസ് ആണെന്ന് തോന്നാൻ ഇടവരരുത്. ആക്റ്റ് പാസ്സാക്കുകയും

എക്സിക്യൂട്ടീവ് ഉത്തരവിലൂടെ കറക്ഷൻ കൊണ്ടുവരാമെന്ന് ആക്റ്റിൽത്തന്നെ വ്യവസ്ഥ ചെയ്യുകയും ചെയ്ത് ആക്റ്റ് അപ്രസക്തമാക്കരുത്.

ശ്രീ. ബെന്നി ബെഹനാൻ: 2013-ലെ കേരള ലിഫ്റ്റുകളും എസ്കലേറ്ററുകളും ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. സംസ്ഥാനത്ത് ലിഫ്റ്റുകളുടെയും എസ്കലേറ്ററുകളുടെയും ഉപയോഗം വളരെയേറെ വർദ്ധിക്കുന്ന സാഹചര്യത്തിൽ അവയെ നിയമത്തിന്റെ പരിധിയിൽ കൊണ്ടുവരേണ്ടത് അത്യന്താപേക്ഷിതമാണ്. 5(2)-ൽ പറഞ്ഞിരിക്കുന്ന പ്രാരംഭത്തീയതി മുതൽ രണ്ടു മാസക്കാലാവധി എന്നത് ചുരുങ്ങിയത് 6 മാസമെന്നാക്കണം. ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് ഓഫീസുകളുടെ എണ്ണം വർദ്ധിപ്പിക്കണം.

(ചർച്ച തുടരും)

## 2013-ലെ കേരള ധനവിനിയോഗ (വോട്ട് ഓൺ അക്കൗണ്ട്) ബില്ലിന്റെ അവതരണവും അനന്തരഘട്ടങ്ങളും

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ.എം. മാണി): സർ, 2013-ലെ കേരള ധനവിനിയോഗ (വോട്ട് ഓൺ അക്കൗണ്ട്) ബിൽ അവതരിപ്പിക്കുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: ബിൽ അവതരിപ്പിക്കപ്പെട്ടിരിക്കുന്നു.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ.എം. മാണി): സർ, 2013-ലെ കേരള ധനവിനിയോഗ (വോട്ട് ഓൺ അക്കൗണ്ട്) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ): പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. കെ. സുരേഷ് കുറുപ്പ്: ധനവിനിയോഗ ബില്ലിനെ എതിർക്കുന്നു. സംസ്ഥാനത്തിന്റെ വികസനത്തിനുതകുന്ന ദീർഘവീക്ഷണത്തോടെയുള്ള പദ്ധതി നിർദ്ദേശങ്ങളൊന്നും തന്നെ ബഡ്ജറ്റിലില്ല. കെ.എസ്.ആർ.ടി.സി.യെ നിലനിർത്താനുള്ള നടപടി സ്വീകരിക്കണം. വൈദ്യുത മേഖലയുടെ പുരോഗതിക്കാവശ്യമായ നിർദ്ദേശങ്ങളൊന്നും ബഡ്ജറ്റിലില്ല. വിഭവ സമാഹരണത്തിനാവശ്യമായ പദ്ധതികൾ ആവിഷ്ക്ക രിക്കുകയും നികുതി ചോർച്ച തടയുന്നതിനുള്ള നടപടികൾ സ്വീകരി ക്കുകയും ചെയ്യണം. ഏറ്റുമാനൂർ നിയോജകമണ്ഡലത്തിൽ ഒരു താലൂക്ക് അനുവദിക്കുകയും ആവശ്യമായ വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കു കയും ചെയ്യണം. സേവന മേഖലയുടെ വികസനത്തിനുവേണ്ടി ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരിക്കുന്ന കാര്യങ്ങൾ അപര്യാപ്തമാണ്.

ശ്രീ. പാലോട് രവി: ധനവിനിയോഗ ബില്ലിനെ അനുകൂലിക്കുന്നു. ജനങ്ങളുടെമേൽ അധിക നികുതി ഭാരം അടിച്ചേൽപ്പിക്കാതെ സാമ്പത്തിക പരിമിതിക്കുള്ളിൽ നിന്നുകൊണ്ട് സമസ്ത മേഖലകളുടെയും വികസനം ലക്ഷ്യമാക്കിയുള്ള ബഡ്ജറ്റാണ് ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്. ബഡ്ജറ്റിൽ പ്രഖ്യാപിക്കുന്ന പദ്ധതികളുടെ നടത്തിപ്പ് അവലോകനം ചെയ്യാനായി രൂപീകരിച്ചിരിക്കുന്ന മോണിറ്ററിംഗ് സിസ്റ്റം സ്വാഗതാർഹമാണ്. എസ്.സി/എസ്.ടി വിഭാഗങ്ങളുൾപ്പെടെയുള്ള പിന്നോക്ക വിഭാഗക്കാർക്കായി 2134 കോടി രൂപ ബഡ്ജറ്റിൽ നീക്കിവച്ചിരിക്കുന്നതിനെ സ്വാഗതം ചെയ്യുന്നു.

റവന്യൂ വരുമാനം കൂട്ടിയും ചെലവുകൾ കുറച്ചും ഏറ്റവും ലളിതമായ ഒരു ധനകാര്യ മാനേജുമെന്റാണ് സർക്കാർ സ്വീകരിച്ചിരിക്കുന്നത്. നെടുമങ്ങാട് ഒരു ജില്ലാ ആശുപത്രി അനുവദിച്ചത് സ്വാഗതാർഹമാണ്. അതോടൊപ്പം അതിനുള്ള കെട്ടിടവും മറ്റ് അടിസ്ഥാന സൗകര്യവും കൂടി എത്രയുംവേഗം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം.

ശ്രീ. ജി. എസ്. ജയലാൽ: ധനവിനിയോഗ ബില്ലിനെ എതിർക്കുന്നു. കേരളത്തെ ഒന്നായി കാണുവാൻ ഈ ബഡ്ജറ്റിന് കഴിഞ്ഞിട്ടില്ല. താലൂക്ക് പ്രഖ്യാപനവുമായി ബന്ധപ്പെട്ട് വന്ന നിർദ്ദേശങ്ങൾ അശാസ്ത്രീയമാണ്. താലൂക്കുകളുടെ മുൻഗണനാ പട്ടികയിൽ ഉൾപ്പെട്ടിരുന്ന കൊല്ലം ജില്ലയിലെ ചാത്തന്നൂർ ചടയമംഗലം താലൂക്കുകൾ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കണം. യു.ഡി.എഫ് ഗവൺമെന്റ് കഴിഞ്ഞ ബഡ്ജറ്റിൽ പ്രഖ്യാപിച്ച പദ്ധതികളിൽ നാമമാത്രമായവയാണ് നടപ്പിലാക്കിയിട്ടുള്ളത്. രൂക്ഷമായ വൈദ്യുതി പ്രതിസന്ധി നേരിടുന്ന കേരളത്തിൽ 53 മെഗാവാട്ട് ശേഷിയുള്ള 5 ചെറുകിട ജലവൈദ്യുത പദ്ധതികൾ നടപ്പിലാക്കുമെന്നും പതിനായിരം വീടുകളുടെ മേൽക്കൂരകളിൽ സൗരോർജ്ജ പ്ലാന്റ് സ്ഥാപിക്കുമെന്നും പ്രഖ്യാപിച്ചത് നടപ്പാക്കിയിട്ടില്ല. കുടിവെള്ള പദ്ധതികൾക്കായി ബഡ്ജറ്റിൽ നീക്കിവച്ച പണം ഉപയോഗയുക്തമാക്കുന്നതിന് ഗവൺമെന്റ് ഇച്ഛാശക്തിയോടുകൂടി ഇടപെടണം. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ പദ്ധതി നിർവ്വഹണത്തിന്റെ കാര്യത്തിലും അശാസ്ത്രീയത നിലനിൽക്കുന്നു. വൈദ്യുതി, കെ.എസ്.ആർ.ടി.സി., കുടിവെള്ളം, ഭക്ഷ്യം തുടങ്ങിയ മേഖലകൾക്ക് നീക്കിവച്ച തുക അപര്യാപ്തമാണ്. വിഭവ സമാഹരണത്തിനുള്ള സാധ്യതകൾ പലതും ഒഴിവാക്കി 650 കോടി രൂപയുടെ

അധിക വിഭവ സമാഹരണത്തിന് വഴികണ്ടെത്തിയത് വിമർശനാത്മകമാണ്. നികുതി കുടിശ്ശിക പിരിച്ചെടുക്കാൻ നടപടി സ്വീകരിക്കണം.

ശ്രീ. പി. കെ. ബഷീർ: ധന വിനിയോഗ ബില്ലിനെ അനുകൂലിക്കുന്നു. യുവജനങ്ങൾക്കും പാവപ്പെട്ടവർക്കും കർഷകർക്കും ഒരുപോലെ മുൻഗണന നൽകുന്ന ഒരു ബഡ്ജറ്റാണിത്. ഓരോ മണ്ഡലങ്ങൾക്കുമായി അഞ്ച് കോടി രൂപയുടെ ആസ്തി വികസന ഫണ്ട് അനുവദിച്ചത് സ്വാഗതാർഹമാണ്. സാമ്പത്തിക ഉത്തരവാദിത്ത നിയമ ഭേദഗതി കൊണ്ടുവന്നതിലൂടെ പതിമൂന്നാം ധനകാര്യ കമ്മീഷൻ കേരള ഗവൺമെന്റിന് അനുവദിച്ച 500 കോടി രൂപ നേടിയെടുക്കുവാൻ കഴിഞ്ഞിട്ടുണ്ട്. മലപ്പുറം ജില്ലയിൽ പാവപ്പെട്ടവർക്ക് വീട് നിർമ്മിച്ച് നൽകുന്നതുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന സന്നദ്ധ സംഘടനകളേയും ഗൃഹശ്രീ ഭവന പദ്ധതിയുടെ സ്പോൺസർമാരായി ഉൾപ്പെടുത്തണം. 'മംഗല്യനിധി' പദ്ധതിക്കുവേണ്ടി ആഡംബര വിവാഹങ്ങൾക്ക് ചെലവിടുന്ന തുകയുടെ 3 ശതമാനം എന്നതിനു പകരം ഒരു നിശ്ചിത സംഖ്യ ഈടാക്കണമെന്നുള്ള നിർദ്ദേശം വയ്ക്കണം.

ശ്രീ. സി. കെ. നാണു: ധനവിനിയോഗ ബില്ലിനെ എതിർക്കുന്നു. കളിമൺ തൊഴിലാളികൾക്ക് പ്രഖ്യാപിച്ച ആനുകൂല്യത്തിൽ മാറ്റം വരുത്തിയത് അംഗീകരിക്കാൻ കഴിയില്ല. റെയിൽവേയുടെ കാര്യത്തിൽ കേരളത്തിന്റെ താൽപ്പര്യങ്ങൾ സംരക്ഷിക്കാൻ കഴിഞ്ഞിട്ടില്ല. കഞ്ചിക്കോട് വാഗൺ ഫാക്ടറിക്ക് അംഗീകാരം നേടിയെടുക്കാൻ ഈ ഗവൺമെന്റിന് സാധിച്ചിട്ടില്ല. പൊതുമേഖലാ ബാങ്കുകളുടെ നിക്ഷേപത്തിന്റെ എത്ര ശതമാനം വിഹിതം കേരളത്തിന്റെ വികസനത്തിന് ഉപയോഗിക്കാൻ സാധിക്കുന്നുണ്ടെന്ന് വിലയിരുത്തണം. നാണ്യവിളകളെ സംരക്ഷിക്കുന്നതി

നാവശ്യമായ നടപടി സ്വീകരിക്കണം. തകർച്ചയെ നേരിട്ടുകൊണ്ടിരിക്കുന്ന സംസ്ഥാനത്തെ കാർഷിക മേഖലയുൾപ്പെടെ എല്ലാ മേഖലകളേയും രക്ഷിക്കുന്നതിന് നടപടി സ്വീകരിക്കണം. കുടിവെള്ളം ലഭ്യമാക്കുന്നതിനും പാവപ്പെട്ടരുടെയും പിന്നോക്ക വിഭാഗങ്ങളുടെയും ഉന്നമനത്തിനും നടപടികൾ സ്വീകരിക്കണം.

ശ്രീ. ടി. യു കുരുവിള: ധനവിനിയോഗ ബില്ലിനെ അനുകൂലിക്കുന്നു. വികസിത രാജ്യങ്ങൾക്കൊപ്പം എത്തുക എന്ന ലക്ഷ്യത്തോടുകൂടിയ ഈ ബഡ്ജറ്റ് കേരളത്തിന്റെ സമസ്തമേഖലയുടേയും വികസനത്തിന് അനുയോജ്യവും ജനങ്ങളുടെ ഉന്നമനത്തിന് ഉതകുന്നതുമാണ്. എല്ലാ സാമൂഹ്യ ക്ഷേമ പെൻഷനുകളും വർദ്ധിപ്പിച്ചതും നികുതിഭാരം അടിച്ചേൽപ്പിക്കാത്തതുമായ ഒരു ബഡ്ജറ്റാണിത്. അടിസ്ഥാന വികസനത്തിന് ബഡ്ജറ്റിൽ ഊന്നൽ നൽകുന്നുണ്ട്. പദ്ധതികൾ നടപ്പിലാക്കുന്നതിൽ ഡിപ്പാർട്ടുമെന്റുകൾ ശുഷ്കാന്തിയോടുകൂടി പ്രവർത്തിക്കണം. പ്രഖ്യാപനങ്ങൾ നടപ്പിലാക്കുന്നോ എന്ന് ഉറപ്പുവരുത്തുവാൻ ചീഫ് സെക്രട്ടറി അധ്യക്ഷനായി മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിക്കുന്നത് പ്രശംസനീയമാണ്. ഒരു ഹെക്ടറിൽ താഴെ ഭൂമിയുള്ള കർഷകർക്ക് പലിശ രഹിത വായ്പയും ഇൻഷ്വറൻസ് പദ്ധതിയും നടപ്പിലാക്കുകയും കാർഷികാദായ നികുതി ഒഴിവാക്കുകയും ചെയ്തത് സ്വാഗതാർഹമാണ്. മൂവാറ്റുപുഴ, ഇടമലയാർ ഇറിഗേഷൻ പ്രോജക്ടുകൾ ഈ വർഷം തന്നെ പൂർത്തിയാക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കണം. കുടിവെള്ള വിതരണരംഗത്ത് നേട്ടങ്ങൾ കൈവരിച്ചിട്ടുള്ളത് ശ്രദ്ധേയമാണ്. പഴക്കംചെന്ന പൈപ്പുകൾ മാറ്റുന്നതിനായി വകയിരുത്തിയിട്ടുള്ള തുക വർദ്ധിപ്പിക്കണം. വിജിലൻസ് വിഭാഗത്തെ ശക്തിപ്പെടുത്തണം. റോഡ് നിർമ്മാണത്തിന് വകയിരുത്തിയിട്ടുള്ള തുക വർദ്ധിപ്പിക്കുകയും ഹൈവേയും

റെയിൽവേ പാലങ്ങളും നിർമ്മിക്കുന്നതിന് ഈടാക്കുന്ന നികുതി കുറയ്ക്കുകയും ചെയ്യണം.

ശ്രീ. ബെന്നി ബെഹനാൻ: ധനവിനിയോഗ ബില്ലിനെ അനുകൂലിക്കുന്നു. സമയബന്ധിതമായി നടപ്പാക്കുമെന്നുപറഞ്ഞ മുഴുവൻ കാര്യങ്ങളും ഈ ഗവൺമെന്റ് നടപ്പാക്കിയിട്ടുണ്ട്. വികസന സ്തംഭനാവസ്ഥയേയും അഭിപ്രായ വ്യത്യാസങ്ങളേയും മറികടക്കാനുള്ള നേതൃപാടവം ഈ ഗവൺമെന്റിനുണ്ട്. രാഷ്ട്രീയ വിരോധത്തിന്റെ പേരിൽ യുവജനങ്ങളുടെ ഭാവി തകർക്കുന്ന സമീപനം സ്വീകരിക്കുന്നത് ആശാസ്യമല്ല. ചെറുപ്പക്കാരുടെ കർമ്മശേഷിയേയും ബുദ്ധിശക്തിയേയും പ്രയോജനപ്രദമായ രീതിയിൽ ഉപയോഗപ്പെടുത്തണം.

## സമയം വേവ് ചെയ്യുന്നത് സംബന്ധിച്ച്

മി. സ്പീക്കർ: 2013-ലെ കേരള ധനവിനിയോഗ (വോട്ട് ഓൺ അക്കൗണ്ട്) ബില്ലിന്റെ വോട്ടിങ്ങിനുള്ള സമയം വേവ് ചെയ്യുന്നു.

## നിയമനിർമ്മാണകാര്യം (തുടർച്ച)

ശ്രീ. ബെന്നി ബെഹനാൻ: വിലക്കയറ്റം നിയന്ത്രിക്കുന്നതിനും കരിഞ്ചന്തയും പൂഴ്ത്തിവയ്പ്പും തടയുന്നതിനും കർശന നടപടി സ്വീകരിച്ച ഗവൺമെന്റാണിത്.

ശ്രീ. ജി. സുധാകരൻ: ധനവിനിയോഗ ബില്ലിനെ എതിർക്കുന്നു. ആഗോളവത്ക്കരണത്തിന്റെ ചട്ടക്കൂട്ടിൽ ഒതുങ്ങിനിന്നുകൊണ്ടുള്ള ബഡ്ജറ്റാണ് ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്. സർക്കാരിന്റെ പിടിപ്പുകേടുമൂലം ബഡ്ജറ്റിൽ നീക്കിവച്ചിരിക്കുന്ന തുകയുടെ സിംഹഭാഗവും ലാപ്സാകുന്ന

സ്ഥിതിവിശേഷമാണുള്ളത്. വിലക്കയറ്റം നിയന്ത്രിക്കാൻ യാതൊരു നടപടിയും സ്വീകരിക്കുന്നില്ല.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): പദ്ധതി നിർവ്വഹണത്തിലെ പോരായ്മകൾ പരിഹരിക്കുന്നതിന് ബഡ്ജറ്റിൽ ഫ്ളാഗ്ഷിപ്പ് പ്രോഗ്രാമുകൾ ഉൾപ്പെടുത്തിയിട്ടുണ്ട്. വിപ്ലവകരവും വികസനോന്മുഖവുമായ നിർദ്ദേശങ്ങളടങ്ങിയ ഈ ബഡ്ജറ്റ് നടപ്പിലാക്കിയാൽ സേവന മേഖലയിലും ഉൽപ്പാദന മേഖലയിലും സാമ്പത്തികമായ മാറ്റങ്ങളുണ്ടാകും. അപ്രോപ്രിയേഷൻ ബിൽ പരിഗണനയ്ക്കെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

2013-ലെ കേരള ധനവിനിയോഗ (വോട്ട് ഓൺ അക്കൗണ്ട്) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്കെടുത്തു.

2-ഉം 3-ഉം വകുപ്പുകളും പട്ടികയും 1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി സഭ അംഗീകരിച്ചു.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): 2013-ലെ കേരള ധനവിനിയോഗ (വോട്ട് ഓൺ അക്കൗണ്ട്) ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): പ്രമേയത്തെ പിന്താങ്ങുന്നു.

2013-ലെ കേരള ധനവിനിയോഗ (വോട്ട് ഓൺ അക്കൗണ്ട്) ബിൽ പാസ്സാക്കണമെന്ന പ്രമേയം 60-നെതിരെ 73 വോട്ടുകളോടെ സഭ അംഗീകരിച്ചു.

ബിൽ സഭ പാസ്സാക്കി.

III. 2013-ലെ കേരള ധനകാര്യ ബില്ലിന്റേയും 2013-ലെ കേരള ധനകാര്യ (2-ാം നമ്പർ) ബില്ലിന്റേയും അവതരണം.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): 2013-ലെ കേരള ധനകാര്യ ബില്ലും 2013-ലെ കേരള ധനകാര്യ (2-ാം നമ്പർ) ബില്ലും അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: ബില്ലുകൾ അവതരിപ്പിക്കപ്പെട്ടിരിക്കുന്നു.

**(2013-ലെ കേരള ലിഫ്റ്റുകളും എസ്കലേറ്ററുകളും ബിൽ ......ചർച്ച തുടർച്ച)**

ശ്രീ. ബെന്നി ബെഹനാൻ: ബില്ലിലെ 5-ാം വകുപ്പിൽ പരാമർശിച്ചിരിക്കുന്ന നിലവിലുള്ള ലിഫ്റ്റുകൾ പ്രവർത്തിപ്പിക്കുന്നതിന് ലൈസൻസിന് അപേക്ഷിക്കുന്നതിന്റെ കാലാവധി 6 മാസമാക്കണം. ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് ഓഫീസുകളുടെ എണ്ണം കൂട്ടണം. നിലവിലുള്ള ലിഫ്റ്റുകൾക്ക് ലൈസൻസ് കൊടുക്കുമ്പോൾ ഇടയ്ക്കിടയ്ക്ക് കേടാകുന്ന ലിഫ്റ്റുകൾ മാറ്റി പുതിയ ലിഫ്റ്റുകൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കണം. 7-ാം വകുപ്പിൽ ലൈസൻസ് റദ്ദാക്കുന്നതിനോ സസ്പെൻഡ് ചെയ്യുന്നതിനോ ഉള്ള അധികാരം ഒരു ഹൈലെവൽ കമ്മിറ്റിയെ ഏൽപ്പിക്കണം. അപകടങ്ങൾ റിപ്പോർട്ട് ചെയ്യുമ്പോൾ അതിന് കോമ്പൻസേഷൻ കിട്ടാനുള്ള വ്യവസ്ഥ കൂടി ഉൾപ്പെടുത്തണം. ലിഫ്റ്റുകളും എസ്കലറേറ്ററുകളും വാങ്ങുന്നതിനുള്ള നിബന്ധന കൂടി ഈ ബില്ലിൽ ഉൾപ്പെടുത്തണം. ലിഫ്റ്റുകൾ ഉള്ള കെട്ടിടങ്ങളിൽ കർശനമായും ജനറേറ്ററുകൾ പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം. തിരുവനന്തപുരം, എറണാകുളം, കോഴിക്കോട്

പോലെയുള്ള വലിയ റെയിൽവേ സ്റ്റേഷനുകളിൽ എസ്കലേറ്റർ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കണം. എം.എൽ.എ. ഹോസ്റ്റലിൽ ആധുനികരീതിയിലുള്ള ലിഫ്റ്റുകൾ സ്ഥാപിക്കാൻ നടപടി സ്വീകരിക്കണം.

ശ്രീ. എൻ. ഷംസുദ്ദീൻ: ലിഫ്റ്റുകളും എസ്കലേറ്ററുകളും സാധാരണ ജീവിതത്തിന്റെ ഭാഗമായി മാറിയ സാഹചര്യത്തിൽ ലിഫ്റ്റുകളിലെ സുരക്ഷ ഉറപ്പാക്കാൻ സാധ്യമാകുന്ന വിധത്തിൽ ഇത്തരം ഒരു നിയമനിർമ്മാണം അനിവാര്യമാണ്. ബില്ലിലെ എസ്കലേറ്റർ എന്നതിന്റെ നിർവ്വചനത്തിൽ 'തിരശ്ചീനമായതുമായ' എന്ന വാക്കുകൂടി ഉൾപ്പെടുത്തണം. ലിഫ്റ്റോ, എസ്കലേറ്ററോ സ്ഥാപിക്കുന്നതിന് അനുമതിക്കുള്ള അപേക്ഷയിൽ ഉൾപ്പെടുത്തേണ്ട വിവരങ്ങൾ ബില്ലിൽ വ്യക്തമാക്കണം. 5-ാം വകുപ്പിൽ നിലവിലുള്ള ലിഫ്റ്റുകളും എസ്കലേറ്ററുകളും രജിസ്റ്റർ ചെയ്യുന്നതിനുള്ള സമയപരിധി ആറ് മാസമാക്കി വർദ്ധിപ്പിക്കണം. വലിയ ലിഫ്റ്റുകൾ പ്രവർത്തിപ്പിക്കുന്നതിന് പരിശീലനം ലഭിച്ച ഓപ്പറേറ്റർ ഉണ്ടായിരിക്കണമെന്ന് നിയമത്തിൽ വ്യവസ്ഥ ചെയ്യണം. 12-ാം വകുപ്പിൽ ബന്ധപ്പെട്ട പോലീസ് സബ് ഇൻസ്പെക്ടറെകൂടി അറിയിക്കണമെന്ന് ചേർക്കണം. 14-ാം വകുപ്പിൽ കുറ്റസ്ഥാപനത്തിന്മേൽ ചുമത്തുന്ന പിഴ 5,000/- രൂപയാക്കി ഉയർത്തണം. 16-ാം വകുപ്പിൽ യാതൊരു കോടതിയും വിചാരണയ്ക്കെടുക്കാൻ പാടുള്ളതല്ലെന്ന് പറയുന്നതിലെ അവ്യക്തത ഒഴിവാക്കുന്നതിന് ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ്സ് മജിസ്ട്രേറ്റ് കോടതിയിൽ ബന്ധപ്പെട്ട ഓഫീസർ ഇത് സംബന്ധമായ പരാതികൾ നൽകണമെന്ന് വ്യവസ്ഥ ചെയ്യണം.

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ: നിലവിലുള്ളതും ഇനി ഉണ്ടാകാൻ പോകുന്നതുമായ ലിഫ്റ്റുകളെയും എസ്കലേറ്ററുകളെയും സംബന്ധിച്ചാണ്

ഈ നിയമത്തിൽ പ്രതിപാദിക്കുന്നത്. ഇതിലെ പല വകുപ്പുകളിലും കൂടുതൽ വ്യക്തത വരുത്തേണ്ടതുണ്ട്. വൻകിട കെട്ടിടങ്ങൾ പണിയുന്നതിനുള്ള തൊഴിലാളികളേയും പണിക്കാവശ്യമായ സാധനസാമഗ്രികളും കൊണ്ടു പോകുന്ന ലിഫ്റ്റുകളേയും ഈ നിയമത്തിന്റെ പരിധിയിൽ കൊണ്ടുവരണം. ഒരു കോംപീറ്റന്റ് അതോറിറ്റിയെ അപ്പീൽ അതോറിറ്റിയായി നിയമിക്കാനുള്ള പ്രൊവിഷനുണ്ടാകണം. ഇതിലെ നിർവ്വചനങ്ങളിൽ ക്ലാരിറ്റി വരുത്തണം.

ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): ഈ ബില്ലിൽ ലിഫ്റ്റുകളുടെയും എസ്കലേറ്ററുകളുടെയും കാര്യം മാത്രമാണ് പ്രതിപാദിക്കുന്നത്. കെട്ടിടത്തിന്റെ വിസ്തീർണ്ണം അനുസരിച്ച് ലിഫ്റ്റ് ഉണ്ടായിരിക്കണമെന്ന് നഗരപാലികാ ആക്റ്റിലെ റൂൾ 48-ൽ അനുശാസിക്കുന്നുണ്ട്. പവർ ഫെയിലുവറുണ്ടായാൽ അടുത്ത നിലയിൽ ആട്ടോമാറ്റിക്കായി ലിഫ്റ്റ് നിൽക്കുന്ന ടെക്നോളജിയെ സംബന്ധിച്ചും ലിഫ്റ്റിൽ സഞ്ചരിക്കുന്നവർക്കെല്ലാം ഇൻഷ്വറൻസ് ഏർപ്പെടുത്തണമെന്ന നിർദ്ദേശവും റെയിൽവേ സ്റ്റേഷനുകളിൽ എസ്കലേറ്റർ സ്ഥാപിക്കണമെന്ന നിർദ്ദേശവും പരിശോധിക്കാവുന്നതാണ്. ഇവിടെ ഉന്നയിച്ച നിർദ്ദേശങ്ങൾ ഉൾക്കൊള്ളിച്ച് ഈ ബിൽ കുറ്റമറ്റതാക്കാനുള്ള ശ്രമങ്ങൾ നടത്താം.

നിരാകരണ പ്രമേയം സഭ നിരാകരിച്ചു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടുകൂടി പിൻവലിക്കുകയോ ചെയ്തു.

2013-ലെ കേരള ലിഫ്റ്റുകളും എസ്കലേറ്ററുകളും ബിൽ വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും സംബന്ധിച്ച VII-ാം നമ്പർ

സബ്ജക്റ്റ് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സബ്ജക്റ്റ് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയച്ചു.

## 2. 2013-ലെ കേരള സഹകരണ സംഘ (രണ്ടാം ഭേദഗതി) ബിൽ

സഹകരണവും ഖാദി ഗ്രാമവ്യവസായവും മലിനീകരണനിയന്ത്രണവും വകുപ്പുമന്ത്രി (ശ്രീ. സി. എൻ. ബാലകൃഷ്ണൻ): 2013-ലെ കേരള സഹകരണ സംഘ (രണ്ടാം ഭേദഗതി) ബിൽ അവതരിപ്പിക്കുന്നു. ഓർഡിനൻസ് പ്രഖ്യാപിച്ചുകൊണ്ട് സത്വര നിയമനിർമ്മാണം നടത്താനുണ്ടായ സാഹചര്യം വിശദീകരിച്ചുകൊണ്ടുള്ള സ്റ്റേറ്റുമെന്റും മേശപ്പുറത്ത് വയ്ക്കുന്നു.

മി. ചെയർമാൻ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

**ക്രമപ്രശ്നം**

### ബില്ലിലെ വ്യവസ്ഥകൾ ഭരണഘടനാ വിരുദ്ധം

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: 2013-ലെ കേരള സഹകരണ സംഘ (രണ്ടാം ഭേദഗതി) ബില്ലിലെ 33 (1എ) പ്രകാരം ആറ് മാസത്തേയ്ക്ക് നിയമിക്കുന്ന അഡ്മിനിസ്ട്രേറ്റർ അഥവാ അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയുടെ കാലാവധി ഒരു വർഷം കൂടി ദീർഘിപ്പിക്കാനാണ് വ്യവസ്ഥ ചെയ്യുന്നത്. ഏതൊക്കെ നിയമത്തിൽ എന്തുതന്നെ അടങ്ങിയിരുന്നാലും ഒരു ഡയറക്ടർ ബോർഡിനെയും ആറ് മാസത്തിലധികം സൂപ്പർസീഡ് ചെയ്യാനോ സസ്പെന്റ് ചെയ്യാനോ പുതിയ ഭരണഘടന ഭേദഗതി അനുസരിച്ച് സാധിക്കാത്തതിനാൽ സെക്ഷൻ 33 ഭരണഘടനാ വിരുദ്ധമാണ്. 97-ാം ഭരണഘടനാ ഭേദഗതിക്ക് അനുസൃതമായി സംസ്ഥാനങ്ങളുടെ സഹകരണ നിയമങ്ങളിൽ ആവശ്യമായ

ഭേദഗതികൾ വരുത്തിയില്ലെങ്കിൽ പ്രസ്തുത വ്യവസ്ഥകൾ അസാധുവായി തീരും. ഇതനുസരിച്ച് 2013 ഫെബ്രുവരി 15-ാം തീയതിയോടുകൂടി കേരള സഹകരണ നിയമത്തിലെ ഭരണഘടനയ്ക്ക് അനുസൃതമല്ലാത്ത വ്യവസ്ഥകൾ അസാധുവായിരിക്കുകയാണ്. ഇത്തരത്തിലൊരു ഭേദഗതി കൊണ്ടുവരാൻ സഭ അനുവാദം നൽകരുത്. ഭരണഘടനാപരമായ പ്രശ്നത്തിൽ ഗവൺമെന്റിന് ശരിയായ ഉപദേശം കൊടുക്കാനോ അഡ്മിനിസ്ട്രേറ്റീവ് ഡിപ്പാർട്ടുമെന്റിന് തെറ്റ് ചൂണ്ടിക്കാണിച്ചു കൊടുക്കാനോ നിയമവകുപ്പിന് കഴിഞ്ഞില്ല എന്നത് ഖേദകരമാണ്.

സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണനിയന്ത്രണവും വകുപ്പുമന്ത്രി (ശ്രീ. സി. എൻ. ബാലകൃഷ്ണൻ): 2010 ഏപ്രിൽ 28-ാം തീയതി ഗവർണ്ണർ വിളംബരപ്പെടുത്തിയതും പല പ്രാവശ്യം പുനർ വിളംബരപ്പെടുത്തിയതും ഓർഡിനൻസിന് തുല്യവുമായ ബില്ലാണ് 2013-ലെ കേരള സഹകരണ സംഘ (രണ്ടാം ഭേദഗതി) ബിൽ. സഹകരണ സംഘത്തിന്റെ ഭരണസമിതിയെ അകറ്റി നിർത്താനോ സസ്പെന്റ് ചെയ്യാനോ ഉള്ള ഒരു വ്യവസ്ഥ ഈ ബില്ലിൽ ഉൾപ്പെടുത്തിയിട്ടില്ല. ഭരണ സമിതിയുടെ പ്രവർത്തന കാലാവധി അവസാനിച്ചിരിക്കുകയും ഒരു പുതിയ കമ്മിറ്റി രൂപീകരിക്കാതിരിക്കുകയും ചെയ്യുന്ന അവസരത്തിൽ ഭരണ സ്തംഭനം ഒഴിവാക്കുന്നതിനായി അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയേയോ അഡ്മിനിസ്ട്രേറ്ററേയോ നിയമിക്കാൻ അധികാരപ്പെടുത്തുന്ന വ്യവസ്ഥയാണ് 33-ാം വകുപ്പിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. അങ്ങനെ നിയമിക്കപ്പെടുന്നവർ ഈ സംഘത്തിലെ അംഗങ്ങളായിരിക്കണമെന്ന് ഭരണഘടനയിൽ വ്യവസ്ഥയില്ലാത്തതിനാൽ ഈ ബില്ലിലെ വ്യവസ്ഥകൾ ഭരണഘടനാ വിരുദ്ധമല്ല.

## റൂളിംഗ്

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ ഒബ്ജക്ഷൻ നിലനില്ക്കുന്നില്ല.

സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണനിയന്ത്രണവും വകുപ്പുമന്ത്രി (ശ്രീ. സി. എൻ. ബാലകൃഷ്ണൻ): 2013–ലെ കേരള സഹകരണ സംഘ (രണ്ടാം ഭേദഗതി) ബിൽ ഭക്ഷ്യവും സിവിൽ സപ്ലൈസും സഹകരണവും സംബന്ധിച്ച XI-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ): പ്രമേയത്തെ പിന്താങ്ങുന്നു.

സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണനിയന്ത്രണവും വകുപ്പുമന്ത്രി (ശ്രീ. സി. എൻ. ബാലകൃഷ്ണൻ): 2012–ലെ 34–ാം നമ്പരായി പ്രസിദ്ധപ്പെടുത്തിയ ഓർഡിനൻസിനു പകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്ട് കൊണ്ടുവരുന്നതിനാണ് ഈ ബിൽ അവതരിപ്പിച്ചിരിക്കുന്നത്. സഹകരണ സ്ഥാപനങ്ങളുടെ സുഗമമായ പ്രവർത്തനത്തിനും സഹകരണ നിയമത്തിലെ അവ്യക്തത നീക്കം ചെയ്യുന്നതിനും ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

ശ്രീ. ജെയിംസ് മാത്യു: I move that “ This House resolves to disapprove The Kerala Co-operative Societies (Second Amendment) Ordinance, 2013 (Ordinance No. 25 of 2013)”. കേരളത്തിന് അഭിമാനാർഹമായ ഒട്ടേറെ നേട്ടങ്ങൾ ഉണ്ടാക്കിയിട്ടുള്ള സഹകരണ മേഖല

യുടെ നാശത്തിനിടയാക്കുന്നതാണ് ഈ ഭേദഗതി. കേരളത്തിലെ സഹകരണ പ്രസ്ഥാനം പൂർണ്ണമായും തകരാനിടയാക്കുന്ന ഒരു ഭേദഗതിയാണിത്. കാർഷിക വായ്പകളോ കാർഷിക അനുബന്ധ വായ്പകളോ കൊടുക്കാത്ത സഹകരണ സ്ഥാപനങ്ങൾക്ക് റിസർവ് ബാങ്കിന്റെ പ്രത്യേക അംഗീകാരവും ലൈസൻസും വേണമെന്ന് ബാങ്കിംഗ് റെഗുലേഷൻ ആക്ട് നിഷ്കർഷിക്കുന്നത് നിരവധി പ്രാഥമിക സംഘങ്ങളിലെ നിക്ഷേപകരെ പ്രതികൂലമായി ബാധിക്കും. മാത്രമല്ല, സഹകരണ ബാങ്കുകളിലേയ്ക്ക് വരേണ്ട നിക്ഷേപം ന്യൂ ജനറേഷൻ ബാങ്കുകളിലേയ്ക്ക് പോകുന്ന അവസ്ഥയുമുണ്ടാകും. അഡ്മിനിസ്ട്രേറ്റർക്ക് പകരം അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയെ കൊണ്ടുവന്ന് സഹകരണ ജനാധിപത്യ ധ്വംസനം നടത്തുന്ന സമീപനം അവസാനിപ്പിക്കണം. ചെക്ക് ഇഷ്യു ചെയ്യാനുള്ള അവകാശം പ്രാഥമിക സംഘങ്ങൾക്ക് ഇല്ലാതാക്കുകയും ജില്ലാ ബാങ്കുകൾക്ക് ആ അവകാശം നില നിർത്തുകയും ചെയ്യുന്നത് ശരിയല്ല. പ്രാഥമിക സഹകരണസംഘങ്ങൾ പൊതുനന്മ ഫണ്ട് ഉപയോഗിച്ച് ജനങ്ങളുടെ താൽപര്യങ്ങൾ സംരക്ഷിച്ച് പ്രവർത്തിക്കുന്നവയാണ്. ഏഴ് വർഷത്തിൽ കൂടുതൽ പഴക്കമുള്ള സ്ഥാവര സ്വത്തുക്കൾ നിർബന്ധമായും വിൽക്കണമെന്ന് നിയമത്തിൽ പറയുന്നത് യുക്തിക്ക് നിരക്കാത്തതാണ്.

<u>ശ്രീ. എം. ചെന്ദ്രൻ:</u> നിരാകരണ പ്രമേയത്തെ പിന്താങ്ങുന്നു. കേരളത്തിലെ സഹകരണ മേഖലയുടെ ജനാധിപത്യപരമായ പ്രവർത്തനത്തെ തകർക്കുന്ന നിലപാടാണ് സർക്കാർ സ്വീകരിച്ചിരിക്കുന്നത്. ഓർഡിനൻസ് പ്രഖ്യാപിച്ചുകൊണ്ട് സംസ്ഥാനത്തെ 14 ജില്ലാ ബാങ്കുകൾ പിരിച്ചുവിട്ട് അഡ്മിനിസ്ട്രേറ്റർ ഭരണം ഏർപ്പെടുത്തിയിരിക്കുകയാണ്. വിവിധ തല

ത്തിൽ പ്രവർത്തിക്കുന്ന എല്ലാ സഹകരണ സ്ഥാപനങ്ങളേയും ചേർത്ത് വോട്ടവകാശം ഏർപ്പെടുത്തുക വഴി ജില്ലാ ബാങ്കുകളെ പിടിച്ചെടുക്കുന്നതിനു വേണ്ടിയുള്ള ഒരു തന്ത്രമാണ് സ്വീകരിച്ചിരിക്കുന്നത്. സുപ്രീംകോടതി വിധിയെ ലംഘിച്ചുകൊണ്ടാണ് കടലാസ് സംഘങ്ങൾക്ക് ഗവൺമെന്റ് അംഗത്വം നൽകിയത്. അഡ്മിനിസ്ട്രേറ്ററെ മാറ്റി അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റികളെ കൊണ്ടുവരാനുള്ള ഭേദഗതി ജനാധിപത്യപരമല്ല. ഈ ഭേദഗതി യനുസരിച്ച് യാതൊരു പരിധിയുമില്ലാതെ സഹകരണ സംഘങ്ങൾ രൂപീകരിക്കാൻ കഴിയുമെന്നത് സഹകരണ പ്രസ്ഥാനത്തിന്റെ നാശത്തിന് വഴിതെളിക്കും. രാഷ്ട്രീയ സ്വാധീനമുപയോഗിച്ച് നിലവിലുള്ള സഹകരണ സംഘങ്ങളെ തകർക്കുകയും പുതിയവ ആരംഭിക്കുകയുമാണ് സർക്കാർ ചെയ്യുന്നത്. സഹകരണ സംഘങ്ങൾക്ക് ആർ.ബി.ഐ.യുടെ ലൈസൻസ് നിർബന്ധമാക്കിയതും വിലക്കയറ്റം രൂക്ഷമാക്കാൻ ഇടവരുത്തുകയും പ്രാഥമിക സഹകരണ സംഘങ്ങളുടെ നിലനിൽപ്പിനെ അപകടത്തിലാക്കുകയും ചെയ്യും.

<u>ശ്രീ. പി. ഉബൈദുള്ള</u>: 2013-ലെ കേരള സഹകരണ സംഘ (രണ്ടാം ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 30-04-2013 വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. ജനജീവിതവുമായി ബന്ധപ്പെട്ട സമസ്ത മേഖലകളിലേയ്ക്കും കടന്നുവരാനും സാമൂഹ്യ പ്രതിബദ്ധതയോടുകൂടിയ പ്രവർത്തനങ്ങൾ നടത്താനും സഹകരണ പ്രസ്ഥാനത്തിന് കഴിഞ്ഞിട്ടുണ്ട്. ഈ പ്രസ്ഥാനത്തെ തകർക്കുന്ന രീതിയിലുള്ള സമീപനമാണ് ആർ.ബി.ഐ. സ്വീകരിച്ചിരിക്കുന്നത്. പ്രാഥമിക ബാങ്കുകളുടെ നിലനിൽപ്പുതന്നെ ഇല്ലാതാക്കുന്ന നിർദ്ദേശങ്ങളടങ്ങിയ പ്രകാശ് ബക്ഷി കമ്മിറ്റി

റിപ്പോർട്ട് തള്ളിക്കളയണം. അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയിൽ അംഗങ്ങളായി വരുന്നവർക്ക് സഹകരണ ബാങ്കിൽ മെമ്പർഷിപ്പുണ്ടായിരിക്കണം. ആർജ്ജിച്ച മുതൽ കയ്യൊഴിയുന്നതിനുള്ള കാലാവധി മൂന്ന് വർഷമായി കുറയ്ക്കണം. സംഘങ്ങളുടെ ഓഡിറ്റ് സംബന്ധമായ കാര്യങ്ങളിൽ രജിസ്ട്രാറുടെ കീഴുദ്യോഗസ്ഥർക്ക് ഡെലിഗേഷൻ നൽകുന്നതിനുള്ള സംവിധാനമുണ്ടാക്കണം.

ശ്രീമതി കെ.കെ. ലതിക: 2013-ലെ കേരള സഹകരണ സംഘ (രണ്ടാം ഭേദഗതി) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. പ്രകാശ് ബക്ഷി കമ്മീഷൻ റിപ്പോർട്ട് നടപ്പാക്കുന്നതോടെ സഹകരണ മേഖല തകരുന്ന സ്ഥിതിയാണ് സംജാതമാകാൻ പോകുന്നത്. സംസ്ഥാനത്തിന്റെ വിവിധ മേഖലകളിൽ പ്രശംസാവഹമായ പ്രവർത്തനം കാഴ്ചവയ്ക്കാൻ സഹകരണ സംഘങ്ങൾക്ക് കഴിഞ്ഞിട്ടുണ്ട്. വിലക്കയറ്റം നിയന്ത്രിക്കുന്നതിലും മറ്റ് പല മേഖലകളിലും സഹകരണ സ്ഥാപനങ്ങൾ വഹിക്കുന്ന പങ്ക് പ്രശംസനീയമാണ്. സഹകരണ സ്ഥാപനങ്ങളെ നിലനിർത്താനും ദേശസാൽകൃത ബാങ്കുകൾക്ക് കൊടുക്കുന്ന ആനുകൂല്യം സഹകരണ ബാങ്കുകൾക്കും നൽകാനും നടപടി സ്വീകരിക്കണം.

സഹകരണവും ഖാദി ഗ്രാമവ്യവസായവും മലിനീകരണനിയന്ത്രണവും വകുപ്പുമന്ത്രി (ശ്രീ. സി. എൻ. ബാലകൃഷ്ണൻ): സഹകരണ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ ക്ഷേമത്തിന് നിയമ പരിരക്ഷ കൊടുക്കുകയെന്നതാണ് ഈ ബില്ലിന്റെ ഉദ്ദേശ്യം. സഹകരണമേഖലയിൽ ആഡിറ്റ് സംവിധാനം ഏർപ്പെടുത്തുന്നത് സംബന്ധിച്ചും ഈ ബില്ലിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

സഹകരണമേഖലയ്ക്ക് വിരുദ്ധമായിട്ടുള്ളതോ, ഭരണഘടനാ വിരുദ്ധമായിട്ടുള്ളതോ ആയ കാര്യങ്ങൾ ഈ ബില്ലിൽ ഉൾപ്പെടുത്തിയിട്ടില്ല. ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ശ്രീ. ജെയിംസ് മാത്യു അവതരിപ്പിച്ച നിരാകരണ പ്രമേയം 37-നെതിരെ 40 വോട്ടുകളോടെ സഭ നിരാകരിച്ചു.

ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെടുകയോ നിരാകരിക്കപ്പെടുകയോ ചെയ്തു.

2013-ലെ കേരള സഹകരണ സംഘ (രണ്ടാം ഭേദഗതി) ബിൽ ഭക്ഷ്യവും സിവിൽസപ്ലൈസും സഹകരണവും സംബന്ധിച്ച XI-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയച്ചു.

### (3) 2013-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ

പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ഡോ. എം.കെ. മുനീർ): 2013-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ അവതരിപ്പിക്കുന്നു. ഓർഡിനൻസ് പ്രഖ്യാപിച്ചുകൊണ്ട് സത്വര നിയമ നിർമ്മാണം നടത്തുവാനുണ്ടായ സാഹചര്യം വിശദീകരിച്ചുകൊണ്ടുള്ള സ്റ്റേറ്റ്മെന്റും മേശപ്പുറത്തുവയ്ക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിക്കപ്പെട്ടിരിക്കുന്നു.

പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ഡോ. എം.കെ. മുനീർ): 2013-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും സംബന്ധിച്ച IX-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി.എസ്. ശിവകുമാർ): പ്രമേയത്തെ പിന്താങ്ങുന്നു.

ഡോ. എം.കെ. മുനീർ: ഗ്രാമസഭകൾ വിളിച്ചുകൂട്ടാൻ കഴിയാത്തതു മൂലം ഗ്രാമപഞ്ചായത്ത് അംഗങ്ങൾക്ക് അംഗമായി തുടരാനുണ്ടായേക്കാവുന്ന അയോഗ്യത ഒഴിവാക്കുന്നതിനായി കേരള പഞ്ചായത്ത് രാജ് ആക്റ്റിലെ 35 -ാം വകുപ്പ് 1-ാം ഉപവകുപ്പിന്റെ (പി) ഖണ്ഡത്തിൽ 'രണ്ട് തവണ' എന്ന വാക്കുകൾക്കുപകരം 'മൂന്ന് തവണ' എന്ന വാക്കുകൾ ചേർത്ത് ഭേദഗതി ചെയ്യാനും പ്രസ്തുത ഭേദഗതിക്ക് 2010 നവംബർ 1-ാം തീയതി മുതൽ മുൻകാലപ്രാബല്യം നൽകാനും തീരുമാനിച്ചുകൊണ്ടുള്ളതാണ് ഒന്നാമത്തെ ഭേദഗതി. സംസ്ഥാനത്ത് വസ്തു നികുതി പരിഷ്ക്കരണം അഞ്ച് വർഷത്തിലൊരിക്കൽ പ്രാവർത്തികമാക്കാനും സർക്കാരിന്റെ അംഗീകാരമുള്ള ഹയർ സെക്കന്ററിതലംവരെയുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളെയും അവയിലെ വിദ്യാർത്ഥികൾ താമസിക്കുന്ന ഹോസ്റ്റൽ കെട്ടിടങ്ങളെയും വസ്തു നികുതിയിൽനിന്നും ഒഴിവാക്കാനാവശ്യമായ വ്യവസ്ഥകൾ ചേർത്ത് കേരള പഞ്ചായത്ത് രാജ് ആക്റ്റിലെ 203, 207 എന്നീ വകുപ്പുകൾ ഉചിതമായി ഭേദഗതി ചെയ്യുന്നതാണ് രണ്ടാമത്തെ ഭേദഗതി. പൊതുതാൽപ്പര്യാർത്ഥം അബ്കാരി

ഷാപ്പുകൾ മാറ്റി സ്ഥാപിക്കുവാനോ അടയ്ക്കുവാനോ ഗ്രാമപഞ്ചായത്തിന് അധികാരം നൽകിക്കൊണ്ടുള്ള വ്യവസ്ഥകൾ ചേർക്കുന്നതിനായി 232-ാം വകുപ്പ് ഭേദഗതി ചെയ്യാൻ ഉദ്ദേശിക്കുന്നതാണ് മൂന്നാമത്തെ ഭേദഗതി. പഞ്ചായത്തിൽ നിക്ഷിപ്തമായ പുറമ്പോക്ക് ഭൂമിയുടെ നിയന്ത്രണം സംബന്ധിച്ച വ്യവസ്ഥകൾ ചേർക്കുന്നതിനായി 279 (എ) ആയി പുതിയ ഒരു വകുപ്പ് ആക്റ്റിൽ ചേർക്കാനുള്ളതാണ് നാലാമത്തെ ഭേദഗതി.

ശ്രീ. വി.എസ്. സുനിൽ കുമാർ: I move that – "This House resolves to disapprove The Kerala Panchayat Raj (Amendment) Ordinance, 2013 (Ordinance No. 24 of 2013)". ഈ ഭേദഗതി നടപ്പാക്കുന്നതോടെ പുതുതായി ഷാപ്പുകൾ അനുവദിക്കുന്നതിനും ലൈസൻസ് നൽകിയിരിക്കുന്ന ഷാപ്പുകൾ പിൻവലിക്കുന്നതിനുമുള്ള അധികാരം പഞ്ചായത്തുകൾക്ക് ലഭിക്കുകയാണ്. ചില പ്രത്യേക ഘട്ടങ്ങളിൽ ഗ്രാമസഭകൾ വിളിച്ചുകൂട്ടുന്നതിലുണ്ടാകുന്ന സ്വാഭാവികമായ കാലതാമസത്തിന് പരിഹാരം കാണുന്നതിനുപകരം ഗ്രാമസഭകൾ വിളിച്ചുകൂട്ടുന്നത് മൂന്ന് തവണയാക്കി മാറ്റുമ്പോൾ ഇതിന്റെ അന്ത:സത്തതന്നെ ചോദ്യം ചെയ്യപ്പെടുകയാണ്. അധികാരത്തോടൊപ്പം ലഭിച്ചിട്ടുള്ള അധിക ബാധ്യത നിറവേറ്റത്തക്കവിധത്തിലുള്ള സംവിധാനങ്ങൾ പഞ്ചായത്തുകൾക്ക് അനുവദിക്കണം. കള്ളുഷാപ്പുകളും ബാറുകളും അനുവദിക്കുന്നതിന് പഞ്ചായത്തുകൾക്ക് അധികാരം നൽകുന്നതുവഴി അഴിമതി നടക്കാനിടയുണ്ടെന്ന കാര്യം ഗൗരവമായി കാണേണ്ടതാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുവദിച്ചിരിക്കുന്ന അധികാരം സ്വതന്ത്രമായി വിനിയോഗിക്കാനാവശ്യമായ സംവിധാനമുണ്ടാക്കണം.

ജനപ്രതിനിധികൾക്കും ജനാധിപത്യ സഭകൾക്കും മുകളിൽ ഉദ്യോഗസ്ഥരുടെ വൻതോതിലുള്ള ഇടപെടലുണ്ടാകുന്നുണ്ടോ എന്ന് പരിശോധിക്കണം.

ശ്രീ. പി. റ്റി. എ. റഹീം: നിരാകരണ പ്രമേയത്തെ പിന്താങ്ങുന്നു. ഗ്രാമ സഭകൾക്ക് കൊടുത്തിരുന്ന അവകാശങ്ങൾ ഓരോന്നായി ഇല്ലാതാക്കുന്ന ഒരു സാഹചര്യമാണ് നിലവിലുള്ളത്. സ്വാശ്രയ സ്ഥാപനങ്ങളെ സഹായി ക്കാനുള്ള ഉദ്ദേശത്തോടുകൂടിയാണ് 207-ാം വകുപ്പിന് ഭേദഗതി കൊണ്ടുവ ന്നിരിക്കുന്നത്. ബാറുകൾക്ക് ലൈസൻസ് കൊടുക്കുന്നതിനെക്കുറിച്ചും സ്വകാര്യ സ്വാശ്രയ സ്ഥാപനങ്ങളുടെ ഹോസ്റ്റലുകളെ ടാക്സിൽ നിന്ന് ഒഴിവാ ക്കുന്നതിനെക്കുറിച്ചും ഗ്രാമസഭകളിൽ ജനങ്ങൾക്കുള്ള അധികാരം പിൻവലി ക്കുന്നതിനെക്കുറിച്ചും പുനർവിചിന്തനം നടത്തണം.

ശ്രീ. കെ. വി. അബ്ദുൾ ഖാദർ: 2013-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 30-04-2013-വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. മദ്യവ്യാപനം തടയുന്നതിലേയ്ക്കായി അബ്കാരി ഷാപ്പുകൾക്ക് ലൈസൻസ് നൽകുന്നതി നുള്ള അധികാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകുന്നത് ചില സങ്കീർണ്ണമായ പ്രശ്നങ്ങൾക്ക് ഇടയാക്കുമെന്നല്ലാതെ നിലവിലുള്ള ഏതെങ്കിലും ബാറുകളോ ബിവറേജസ് കോർപ്പറേഷന്റെ ഔട്ട്ലെറ്റുകളോ അടച്ചുപൂട്ടാൻ ഈ ഭേദഗതി നിയമം അനുമതി നൽകുന്നില്ല. മദ്യത്തിന്റെ ഉപഭോഗം കുറയ്ക്കുന്ന രീതിയിലുള്ള യാതൊരു നടപടികളും ഈ ബില്ലിലില്ല. മദ്യ ഉപഭോഗവും മദ്യവ്യാപനവും തടയുന്നതിനുള്ള ഒരു സാധൂകരണം ഈ ഭേദഗതികളിൽ ഇല്ല. എക്സൈസ് ഡിപ്പാർട്ട്മെന്റിന് മദ്യ ത്തിനെതിരെ പ്രചാരണം നടത്താനുള്ള സംവിധാനമുണ്ടെങ്കിലും വെറും 2

കോടി രൂപ മാത്രമാണ് വിനിയോഗിച്ചിട്ടുള്ളത്. ഓരോ അഞ്ചു വർഷം കഴിയുംതോറും നികുതി വർദ്ധിപ്പിക്കാനുള്ള അധികാരം പഞ്ചായത്തുകൾക്ക് നൽകുമ്പോൾ അത് ദുരുപയോഗപ്പെടുത്താതിരിക്കാൻ ശ്രദ്ധിക്കണം.

ശ്രീ. സി. മമ്മൂട്ടി: 2013-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. ഗ്രാമസഭ മൂന്ന് മാസത്തിലൊരിക്കൽ വിളിച്ചുകൂട്ടുന്നതിൽ രണ്ടു തവണ വീഴ്ചവരുത്തിയാൽ അയോഗ്യത കല്പിച്ചിരുന്നിടത്ത് അത് മൂന്നു തവണയാക്കി മാറ്റുന്നതിനാണ് ഈ ബില്ലിൽ ഭേദഗതി കൊണ്ടുവന്നിട്ടുള്ളത്. ഗ്രാമീണരുടെ അടിസ്ഥാന പ്രശ്നങ്ങൾ ചർച്ച ചെയ്യുന്ന ഗ്രാമസഭ കൃത്യമായി വിളിച്ചുചേർക്കണമെന്ന ഉത്തരവാദിത്വം ഉറപ്പുവരുത്താൻ പ്രത്യേക സംവിധാനം ഉണ്ടാക്കണം. അഞ്ചു വർഷകാലത്തേയ്ക്ക് 25 ശതമാനം മുതൽ 35 ശതമാനംവരെ നികുതി വർദ്ധിപ്പിക്കാനുള്ള അവകാശം ദുരുപയോഗം ചെയ്യാതിരിക്കാൻ പ്രത്യേകമായ ഒരു ചാർട്ട് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകണം. നികുതി സ്വയം വിലയിരുത്തി സമർപ്പിക്കുന്നതിനുള്ള കാലാവധി 30 ദിവസമാക്കി ചുരുക്കിയിട്ടുള്ളതിനാൽ പിഴവുകൾ പറ്റാതിരിക്കാൻ ഒരു പരിശോധനയ്ക്കുകൂടി വിധേയമാക്കണം. കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട ചട്ടം കർശനമായും നടപ്പാക്കണം. ഘട്ടംഘട്ടമായി മദ്യത്തിന്റെ ലഭ്യത കുറച്ചുകൊണ്ട് മദ്യനിരോധനം ഏർപ്പെടുത്തണം. സാമൂഹ്യമായ പ്രശ്നങ്ങളുള്ള മേഖലയിൽ മദ്യഷാപ്പുകൾ അടച്ചുപൂട്ടണമെന്നാവശ്യപ്പെട്ടാൽ അവ അടച്ചുപൂട്ടാനുള്ള അധികാരം തദ്ദേശ സ്ഥാപനങ്ങൾക്ക് ഉണ്ടായിരിക്കുകയും പുതിയവ അനുവ

ദിക്കുന്നതിന് നിയന്ത്രണം ഏർപ്പെടുത്തുകയും വേണം. പുതിയ മദ്യഷാപ്പുകൾ അനുവദിക്കുന്നതിൽ നിയന്ത്രണം ഏർപ്പെടുത്തണം.

പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ഡോ. എം.കെ. മുനീർ): ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനു ശേഷം ഗ്രാമ പഞ്ചായത്തുകളെ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി അവർക്കാവശ്യമുള്ള എല്ലാ അടിസ്ഥാനസൗകര്യങ്ങൾ നൽകുകയും സെക്രട്ടറി തസ്തിക ഏകീകരിച്ച് എല്ലാ പഞ്ചായത്തുകളിലും സെക്രട്ടറിമാരെ നിയമിക്കുകയും വലിയ പഞ്ചായത്തിന് ഒരു എ.ഇ., രണ്ട് ചെറിയ പഞ്ചായത്തുകൾക്ക് ഒരു എ.ഇ. എന്ന നിലയിൽ എ.ഇ.മാരെ ലഭിച്ചിരിക്കുന്ന സാഹചര്യവുമാണുള്ളത്. 824-ഓളം പഞ്ചായത്തുകളിൽ ഏപ്രിൽ മാസം മുതൽ അസിസ്റ്റന്റ് സെക്രട്ടറിമാരുടെയും ക്ലാർക്കുമാരുടെയും പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതാണ്. ഇ-ഗവേണൻസ് കേരളം മുഴുവൻ വ്യാപിപ്പിക്കുന്നതാണ്. ആവശ്യാനുസരണം കമ്പ്യൂട്ടറുകൾ വാങ്ങാനും പഞ്ചായത്ത് സെക്രട്ടറിമാർക്കും പ്രസിഡന്റുമാർക്കും ലാപ്ടോപ് ലഭ്യമാക്കാനും ഉത്തരവ് കൊടുത്തിട്ടുണ്ട്. ജനപ്രതിനിധികളുടെ കൂടി സാന്നിദ്ധ്യത്തിൽ ഏത് വിഷയത്തിലാണ് പരിശീലനം നൽകേണ്ടതെന്ന കാര്യം തീരുമാനിച്ചാണ് 'കില'യിൽപരിശീലനം കൊടുക്കുന്നത്. 'കില'-യെ ഒരു ഡീംഡ് യൂണിവേഴ്സിറ്റിയുടെ നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഗ്രാമസഭകൾ വിളിച്ചുചേർക്കാത്തതിന്റെ പേരിൽ പഞ്ചായത്തുകളേയും മെമ്പർമാരേയും അയോഗ്യരാക്കാൻ സാധ്യതയുള്ളതിനാൽ അവരെ സംരക്ഷിക്കുന്നതിനുവേണ്ടിയാണ് ഭേദഗതി കൊണ്ടുവന്നതും 2010 നവംബർ 1-ാം തീയതി മുതൽ മുൻകാല പ്രാബല്യം നൽകാൻ

തീരുമാനിച്ചതും. ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

നിരാകരണപ്രമേയം സഭ നിരാകരിച്ചു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

2013-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും സംബന്ധിച്ച IX-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗയണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയച്ചു.

സഭ വൈകുന്നേരം 5.24-ന് പിരിഞ്ഞു.

-----